

# ധനവാനും ലാസറും എന്ന ഉപമ


**ലൂക്കൊസ്. 16:19-31**



**നിത്യാഗ്നിയിൽ നിന്നു ധനവാൻ എന്നെങ്കിലും തിരികെ വരുമോ?**




ബൈബിൾ കൃത്യവും ശരിയുമായി എന്തു പഠിപ്പിക്കുന്നു എന്നുള്ള ഒരു ഉൾക്കാഴ്ച കൊണ്ട് ഈ മാസിക നിങ്ങളെ ധന്യരാക്കും. തുടർച്ചയായി ഈ മാസികയുടെ ഓരോ ലക്കങ്ങളിലെയും ലേഖനങ്ങൾ വഴി കുടുംബങ്ങൾക്കും ഭവനങ്ങൾക്കും പ്രത്യേക പ്രാധാന്യമുള്ള ജീവദായകമായ സന്ദേശങ്ങൾ ഇതു നല്കുന്നു. സകല ഭൂഗോത്രങ്ങൾക്കും വരുവാനുള്ള അബ്രഹാമിനോടുള്ള ദൈവത്തിന്റെ വാഗ്ദത്ത നിവൃത്തിയുടെ അനുഗ്രഹകാലത്തെ ഇതു വിളംബരം ചെയ്യുന്നു.




യുഗങ്ങളുടെ ദൈവിക നിർണ്ണയം (ഒരു സ്വതന്ത്ര ബൈബിൾ പഠന സഹായി) സകല ജാതികളുടെയും വീണ്ടെടുപ്പും യഥാസ്ഥാപനവും സംബന്ധിച്ചുള്ള ദൈവിക പദ്ധതിയുടെ ഒരു രൂപരേഖ വളരെ ലളിതമായി തെളിവായി തരുന്ന ബൈബിളിന്റെ ഒരു 'താക്കോൽ' അഥവാ ബൈബിൾ വായിക്കുന്നതിനുള്ള ഒരു സംക്ഷിപ്ത വിവരപ്പട്ടിക. തിന്മയ്ക്ക് നല്കപ്പെട്ടിരിക്കുന്ന അനുമതിയെ സംബന്ധിച്ചുള്ള അറിവിനും പ്രവാചകന്മാർ ദർശിച്ച സുവർണ്ണയുഗത്തിനായുള്ള ഒരുക്കത്തിനും ഈ കൃതി സഹായകം.

# ധനവാനും ലാസറും എന്ന ഉപമ

## ലൂക്കൊസ് 16:19–31.

### ധനവാൻ നരകത്തിൽ

അനേകരും വളരെയധികം തെറ്റിദ്ധരിച്ചിരിക്കുന്ന ഒരു വിഷയമാണ് നരകമെന്നത്. മരണാനന്തരം ദുഷ്ടന്മാരെ നിത്യമായി ദണ്ഡിപ്പിക്കുന്ന സ്ഥലമെന്നാണ് നരകത്തെപ്പറ്റി പൊതുവേയുള്ള വിശ്വാസം. ധനവാനും ലാസറും എന്ന ഉപമ ഈ വിശ്വാസത്തെ സ്ഥിരീകരിക്കുന്നതായി പലരും ധരിച്ചിട്ടുണ്ട്. അതുകൊണ്ട് പ്രസ്തുത ഉപമയുടെ നിരൂപണത്തിൽ നരകം എന്ന വിഷയത്തെപ്പറ്റി ആമുഖമായി ചിലതു പറഞ്ഞുകൊള്ളട്ടെ

### നരകം എന്നാൽ എന്ത്?

പാപികൾ മരണാനന്തരം നിത്യദണ്ഡനം അനുഭവിക്കുന്ന സ്ഥലമാണ് നരകമെന്നത്രേ ഇന്നു പലരും വിശ്വസിക്കുന്നത്. എന്നാൽ ഇത് 'അന്ധകാരയുഗങ്ങൾ' എന്നറിയപ്പെടുന്ന കാലഘട്ടത്തിൽ നിലവിലിരുന്ന വിശ്വാസമാണ്. വേദപുസ്തകത്തിൽ പ്രതിപാദിക്കപ്പെടുന്ന നരകം ഇതിൽ നിന്നും തീർത്തും വ്യത്യസ്തമാണ്. സൂഷ്മപഠനത്തിന്റെ ഫലമായി വേദവിദ്യാർത്ഥികൾ ഇക്കാര്യം ഇന്നു മനസ്സിലാക്കിയിരിക്കുന്നു. നരകം എന്ന പദത്തെ സംബന്ധിച്ച പഠനം ഈ വസ്തുത തെളിയിക്കും.

### നരകം = ഷിയോൽ

പഴയനിയമ പരിഭാഷകളിൽ നരകം എന്നു വിവർത്തനം ചെയ്തിരിക്കുന്നത് ഷിയോൽ എന്ന എബ്രായ മൂലപദത്തെയാണ്. ഇംഗ്ലീഷുവേദപുസ്തകത്തിൽ ഈ പദം 41 തവണ നരകമെന്നും 32 തവണ ശവക്കുഴി എന്നും 3 തവണ കേവലം കുഴി എന്നും തർജ്ജമ ചെയ്തിരിക്കുന്നു. പഴയ മലയാള ഭാഷാന്തരത്തിൽ നരകം എന്നു പ്രയോഗിച്ചിരുന്നതിനു പകരം പരിഷ്കൃത തർജ്ജമയിൽ പലയിടത്തും പാതാളമെന്നു ഭേദഗതി ചെയ്തിരിക്കുന്നു.

### ഷിയോൽ എന്നാൽ എന്ത്?

ഷിയോൽ എന്ന മൂലപദംകൊണ്ടു വിവക്ഷിക്കുന്നതെന്ത്? രണ്ടവസ്ഥകളെയാണ് ഈ ശബ്ദം കുറിക്കുന്നത്.

(1) ബോധവികാരങ്ങളുടെയും ജീവിതത്തിന്റെയും പരിസമാപ്തിയെ കുറിക്കുന്ന മരണത്തിന്റെ ഫലമായി മനുഷ്യനു സംഭവിക്കുന്ന നാശാവസ്ഥ – ആദാമ്യ വീഴ്ചയുടെ ഫലമായി സംഭവിക്കുന്ന

ആയൂർന്നഷ്ടം - മൃതിയുടെ ഈ ശൂന്യലോകത്തേക്കാണ് ദുഷ്ടന്മാരെന്നവണ്ണം ശിഷ്ടന്മാരും മരണത്തിന്റെ കവാടംവഴി പ്രവേശിക്കുന്നത്. ഷിയോൽ ദുഷ്ടമർദ്ദനത്തിനുള്ള നരകമാണെങ്കിൽ ശിഷ്ടന്മാർ അങ്ങോട്ടു പോകാൻ വഴിയില്ലല്ലോ. മേൽപ്പറഞ്ഞ വസ്തുത തെളിയിക്കുന്ന വേദഭാഗങ്ങൾ ഉദ്ധരിക്കാം.

**ദുഷ്ടന്മാർ ഷിയോലിലേക്ക് :**

1 രാജാ. 2:6,9; സങ്കീ. 55:15; സദൃ. 7:2; 9:18 (മത്തായി 11:23 ഒത്തുനോക്കുക).

**ശിഷ്ടന്മാരും ഷിയോലിലേക്ക് :**

ഉല്പ. 37:35; 42:38; ഇയ്യോ. 14:13; 17:13; സങ്കീ. 16:10 (അപ്പൊ. 2:27-31 ഒത്തുനോക്കുക); 86:13; 17:13.

പുനരുത്ഥാനം വഴി വിമോചനം ആശിക്കാവുന്ന ഒരവസ്ഥയാണ് ഈ അർത്ഥത്തിൽ ഷിയോൽ.

(2) നന്മയിലേക്കു മടങ്ങിവരാൻ അസാദ്ധ്യമായ മന:പൂർവ്വ ദുഷ്ടന്മാരുടെ പരിപൂർണ്ണവും നിത്യവുമായ ഉന്മൂലനത്തിന്റെ അവസ്ഥ. സങ്കീ.37:38; 145:20; യെശ.1:28; 43:17; ഓബ. 16.

**ഷിയോൽ = ഹേഡീസ്**

പുതിയ നിയമത്തിലെ ഗ്രീക്കുമൂലത്തിൽ ഷിയോൽ എന്നതിനു സമാന്തരമായി വരുന്ന പദം ഹേഡീസ് എന്നത്രേ. ഇതു മുൻ പറഞ്ഞ ആദാമ്യ മരണാവസ്ഥയെ കുറിക്കുന്നു.

**ഗീഹെന്ന**

നരകം എന്നു തർജ്ജമ ചെയ്തിരിക്കുന്ന മറ്റൊരു പുതിയ നിയമ ഗ്രീക്കു മൂലപദമാണ് ഗീഹെന്ന. രണ്ടാമതു പറഞ്ഞ മന:പൂർവ്വദുഷ്ട ന്മാർക്കുള്ള നിത്യനാശത്തിന്റെ അവസ്ഥയെ ഇത് കുറിക്കുന്നു.

പാപത്തിന്റെ ശിക്ഷ നിതൃദണ്ഡിതമായ ഒരു സനാതന ജീവിതമാണെന്നു ബൈബിൾ ഒരിടത്തും ഉപദേശിക്കുന്നില്ല. അത് മരണം അഥവാ ആയുർ നാശമത്രേ. റോമ. 6:23; മത്താ.10:28.

(നരക പരാമർശകമായ വേദഭാഗങ്ങൾ എല്ലാം പരിശോധിക്കാൻ ആഗ്രഹിക്കുന്നവർ Hell of the Bible വേദത്തിലെ നരകം എന്ന പുസ്തകം വായിക്കുക.)

ഷിയോൽ, ഹേഡീസ്, ഗീഹെന്ന എന്നീ മൂലപദങ്ങൾ കൊണ്ടു വിവക്ഷിക്കപ്പെടുന്നത് ഒരിക്കലും സ്ഥലമല്ല അവസ്ഥകളാണ് എന്ന് ഇങ്ങനെ സ്പഷ്ടമാകുന്നു.

## ഉപമകൾ ലക്ഷ്യാർത്ഥകഥനങ്ങൾ

ബൈബിളിലുള്ള ചില ഉപമകളും ആലങ്കാരിക പ്രതിപാദനങ്ങളും അക്ഷരാർത്ഥത്തിൽ വിവക്ഷിച്ച് പാപത്തിന്റെ ശിക്ഷ നിത്യദണ്ഡനമാണെന്നു ചിലർ ധരിക്കുന്നു. മാനവരാശിയുടെയാകെ ഉദ്ധാരണത്തിനുള്ള ഒരേയൊരു നാമമായ ക്രിസ്തുവിനെപ്പറ്റി കേട്ടിട്ടില്ലാത്തവർ (അപ്പൊ.4:12; യോഹ. 14:6) ഉൾപ്പെടെ ഈ ആയുസ്സിൽ പാപശാന്തി നേടാതെ മൺമറഞ്ഞ ബഹുസഹസ്രം മനുഷ്യരെ മഹാദൈവം നരകാഗ്നിയിൽ നിത്യകാലം ദണ്ഡിപ്പിച്ചുകൊണ്ടിരിക്കുമത്രെ. നിത്യദണ്ഡനോപദേശത്തിനു തെളിവായി അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിച്ചുപോരുന്ന ഇങ്ങനെയുള്ള ഉപമകളിൽ പ്രധാനമാണ് ധനവാനും ലാസറും. ഈ കഥ ഒരുപമയാണെന്ന് ബൈബിൾ തന്നെ പ്രസ്താവിക്കുന്നു. എന്തെന്നാൽ യേശു ജനത്തോടു ഉപമ കൂടാതെ ഒന്നും പറഞ്ഞില്ല (മത്താ.13:34,35; ലൂക്കൊ. 8:10). ജനപ്രമാണികളും അസൂയാകോമരങ്ങളുമായിരുന്ന പരീശന്മാരോടാണ് ഈ ഉപമ പറഞ്ഞത്. അവർ ന്യായപ്രമാണത്തിന്റെ അനുഷ്ഠാനത്തിലൂടെ മനുഷ്യരുടെ മുമ്പാകെ തങ്ങളെത്തന്നെ നീതീകരിക്കാൻ ശ്രമിച്ചിരുന്നു. ന്യായപ്രമാണ യുഗമാകട്ടെ അതിന്റെ അന്തിമഘട്ടത്തോടടുത്തു കഴിഞ്ഞിരുന്നു. സുവിശേഷയുഗത്തിനു മുമ്പുള്ള പ്രവാചകന്മാരുടെ പരമ്പരയിലെ അവസാനത്തെ കണ്ണിയായിരുന്നു യോഹന്നാൻ സ്നാപകൻ (ലൂക്കൊ. 16:14–18). ഈ ഉപമകൊണ്ട് എന്തു വസ്തുതയാണ് തെളിയിക്കുവാൻ യേശുക്രിസ്തു ആഗ്രഹിച്ചത്? ദൈവത്തിന്റെ പ്രത്യേക കൃപയിലേക്കുള്ള ജാതികളുടെ അംഗീകാരവും യഹൂദ ജനതയുടെ തിരസ്ക്കാരവും ആസന്നമായിരിക്കുന്നു എന്ന വസ്തുത തന്നെ.

### കഥാസ്വരൂപം

ഈ ഉപമ അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിക്കുന്നവർ സങ്കല്പിക്കുന്ന കഥാസ്വരൂപം എതാണ്ടിങ്ങനെയാണ്: സുഖലോലുപനായി ജീവിച്ചിരുന്ന ഒരു മഹാധനികൻ, ആ കുബേരന്റെ പടിപ്പുരയ്ക്കൽ അയാളുടെ മേശയിൽ നിന്നുവീഴുന്ന അപ്പക്കഷണങ്ങൾ പ്രതീക്ഷിച്ചു കിടന്നിരുന്ന ദരിദ്രനായ ലാസർ. അങ്ങനെയിരിക്കെ മരണം ലാസറിന്റെ ജീവിതത്തിനു വിരാമമിട്ടു. ദൈവദൂതന്മാർ അബ്രഹാമിന്റെ മടിയിലേക്ക് അയാളെ കൊണ്ടുപോയി. സ്വർഗ്ഗത്തിലേക്കെന്നാണ് സങ്കല്പം. അനന്തരം ധനവാനും നിര്യാതനായി. അയാൾ ഹേഡീസിലേക്ക് – നരകം, പാതാളം– പോയി. അവിടെ അയാൾ ദണ്ഡനമനുഭവിക്കാൻ തുടങ്ങി. ദൂരത്ത് അബ്രഹാമിന്റെ മടിയിൽ ലാസർ ഇരിക്കുന്നത് അപ്പോൾ അയാളുടെ ദൃഷ്ടിയിൽപെട്ടു. അബ്രഹാമിനോട്

അയാൾ കരുണ യാചിച്ചു. വിരലിന്റെ അഗ്രം വെള്ളത്തിൽ മുക്കി ധനവാന്റെ നാവിനെ തണുപ്പിക്കാൻ ലാസറിനെ അയയ്ക്കണമെന്നായിരുന്നു അപേക്ഷ. ഈ അപേക്ഷ നിഷ്കരുണം തള്ളപ്പെട്ടു. ധനവാൻ അവന്റെ ആയുസ്സിൽ നന്മയും ലാസർ തിന്മയും അനുഭവിച്ചു എന്നും ഇരുകക്ഷികൾക്കുമിടയിൽ ദുസ്തരമായ ഒരു പിളർപ്പുണ്ടെന്നുമുള്ള അടിസ്ഥാനത്തിലാണ് അപേക്ഷ നിരസിക്കപ്പെട്ടത്. തന്റെ അഞ്ചു സഹോദരങ്ങൾക്കെങ്കിലും ഈ ദുരവസ്ഥ സംഭവിപ്പാതിരിക്കാൻ അവരെ ഉപദേശിക്കുന്നതിനു ലാസറെ അയയ്ക്കണമെന്ന അഭ്യർത്ഥനയും നിരസിക്കപ്പെട്ടു. അവർ മോശെയുടെയും പ്രവാചകന്മാരുടെയും വാക്കു കേൾക്കട്ടെ എന്നായിരുന്നു അബ്രഹാമിന്റെ മറുപടി. മരിച്ചവരിൽ നിന്നു ഒരുവൻ ചെല്ലുന്നപക്ഷം അവർ മനം തിരിയുമെന്നായിരുന്നു ധനവാന്റെ വാദം. മോശെയുടെയും പ്രവാചകന്മാരുടെയും വാക്കു വിഫലമാകുന്നിടത്തു മരിച്ചവർ എഴുന്നേറ്റു ചെന്നാലും വിജയമുണ്ടാകയില്ലെന്നായി അബ്രഹാം.

## അക്ഷരിക വ്യാഖ്യാനത്തിനു എതിരായ ന്യായങ്ങൾ

തിരുവെഴുത്തിന്റെയും യുക്തിയുടെയും വസ്തുതകളുടെയും അടിസ്ഥാനത്തിൽ അക്ഷരിക വ്യാഖ്യാനത്തിനു 12 ബാധക ന്യായങ്ങൾ ഉന്നയിക്കാം.

### 1. അക്ഷരിക വ്യാഖ്യാനം ദൈവസ്വഭാവത്തിനു വിരുദ്ധം

യിര. 9:24-ൽ ദൈവസ്വഭാവം ഇപ്രകാരം വെളിപ്പെടുത്തിയിരിക്കുന്നു. യഹോവയായ ഞാൻ ഭൂമിയിൽ ദയയും, ന്യായവും, നീതിയും പ്രവർത്തിക്കുന്നു . ഇവിടെ ശക്തി, സ്നേഹം, ജ്ഞാനം, നീതി എന്നിങ്ങനെ ദൈവസ്വഭാവത്തിൽപ്പെട്ട നാലുലക്ഷണങ്ങൾ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. എങ്ങനെയെന്നാൽ പ്രവൃർത്തിയിൽ ശക്തിയുടെ വ്യാപാരം അന്തർഭവിക്കുന്നു. ദയയിൽ സ്നേഹവും ന്യായബോധത്തിൽ ജ്ഞാനവും ഉൾപ്പെടുന്നു. ദൈവത്തിന്റെ സ്വഭാവലക്ഷണങ്ങളെ വെളിപ്പെടുത്തുന്ന മറ്റു വേദഭാഗങ്ങളുമുണ്ട്. യെഹെ. 1:5-14; വെളി. 4:6,7 ഇതിലേക്കു എടുത്തു കാട്ടാം. ഇവിടെ കഴുകൻ ജ്ഞാനത്തെയും സിംഹം ശക്തിയേയും കാള നീതിയേയും മനുഷ്യമുഖം സ്നേഹത്തെയും കാണിക്കുന്നു. ഇയ്യോ. 37:23; ആവ. 32:4 ആദിയായ വേറെ വേദഭാഗങ്ങളുമുണ്ട്.

(എ) അക്ഷരിക വ്യാഖ്യാനം ദൈവത്തിന്റെ **ജ്ഞാനത്തിനു വിരുദ്ധം**. കാരണം ജ്ഞാനത്തിനു പ്രയോജനകരമായ ലക്ഷ്യങ്ങൾ നേടാനുപകരിക്കുന്ന മാർഗ്ഗങ്ങൾ ആവിഷ്ക്കരിക്കാൻ കഴിയും. ധനവാനെ എക്കാലവും

ദണ്ഡിപ്പിച്ചുകൊണ്ടിരിക്കുന്നതിൽ നിന്നു എന്തു പ്രയോജനമാണു ണ്ടാവുക? (ബി) **നീതിക്കു വിരുദ്ധം.** പാപത്തിന്റെ ശമ്പളം മരണം (റോമ. 6:23) എന്ന പ്രമാണമനുസരിച്ചു നീതി ആവശ്യപ്പെടുന്നത് പാപിയുടെ ജീവനാണ്. സകല ദുഷ്ടന്മാരെയും അവൻ നശിപ്പിക്കും (സങ്കീ. 145:20) എന്നു ദൈവത്തെപ്പറ്റി പറഞ്ഞിരിക്കുന്നു. അതുകൊണ്ട് പാപികളെ ഒടുക്കാതെ നിത്യകാലം ദണ്ഡിപ്പിച്ചുകൊണ്ടിരിക്കുന്നത് നീതിയുടെ സ്പഷ്ടമായ ലംഘനമാണ്. (സി) **ദൈവസ്നേഹത്തിനു നിരക്കാത്തത്.** ദൈവസ്നേഹത്തെ വേണ്ടവണ്ണം അറിയുന്നവർ അവൻ തന്റെ സൃഷ്ടികളെ അവരുടെ സമാശ്വാസത്തിനായി വല്ലതും ചെയ്യാതെ അവരെ അവിരാമമായി ദണ്ഡിപ്പിച്ചുകൊണ്ടിരിക്കുമെന്നു എങ്ങനെ വിശ്വസിക്കും? (ഡി) **ദൈവശക്തിക്കു വിരുദ്ധം.** മനുഷ്യരാശിയുടെ നന്മയ്ക്കുവേണ്ടിയുള്ള മാർഗ്ഗങ്ങൾ അവലംബിച്ചു നടപ്പാക്കാൻ കഴിയുന്നതാണ് ശക്തി (ഉല്പ. 12:1-3). ആത്മനിയന്ത്രണവും ക്ഷമയും ശക്തിയുടെ സ്വഭാവമാണ്. ജ്ഞാനം, നീതി, സ്നേഹം ഇവയോടു പൊരുത്തപ്പെടുന്ന നിലയിലേ ശക്തി പ്രവർത്തിക്കൂ. തന്മൂലം ധനവാനെ ദണ്ഡിപ്പിക്കുന്നത് ദൈവശക്തിയുടെയല്ല പൈശാചിക ശക്തിയുടെ പ്രയോഗമായിരിക്കും. ഇങ്ങനെ ചിന്തിക്കുമ്പോൾ അക്ഷരിക ഭാഷ്യം ദൈവസ്വഭാവത്തിന്റെ നാനാമുഖമായ ഘടകങ്ങൾക്കും എതിരാണ്.

### 2. അക്ഷരിക വ്യാഖ്യാനം മറുവിലയുടെ തത്ത്വത്തിനു വിരുദ്ധം

മേൽചൂണ്ടിക്കാണിച്ചപ്രകാരം പാപത്തിന്റെ ശമ്പളം **മരണ**മാണെന്നു ഉല്പ. 2:17 തെളിയിക്കുന്നു. മറിച്ചു യാതനയിലുള്ള നിത്യായുസ്സല്ല, റോമ. 6:23 ഒത്തുനോക്കുക. ആദാമിന്റെ ലംഘനം മൂലം അവന്റെ വർഗ്ഗമാകെ പാപത്തിലും അപൂർണ്ണതയിലും പതിച്ചിരിക്കുന്നു. തന്മൂലം അവരിൽ ആർക്കും യാതൊരു വിധത്തിലും തന്റെ സഹോദരനെ വീണ്ടു കൊൾവാനോ അവനുവേണ്ടി ദൈവത്തിനു വീണ്ടെടുപ്പുവില കൊടുപ്പാനോ സാദ്ധ്യമല്ല (സങ്കീ. 49:7). അവരുടെ വീണ്ടെടുപ്പിന് ഒരു പരിപൂർണ്ണ മാനുഷജീവനാണ് ദിവ്യനീതി ആവശ്യപ്പെടുന്നത്. കാരണം ആദാമിനും അവന്റെ വർഗ്ഗത്തിനും ഏദനിൽ നഷ്ടമായത് പരിപൂർണ്ണ മാനുഷജീവനാണ്. ആദാമിനും അവൻ ലംഘനം ചെയ്യുമ്പോൾ അവന്റെ കടിപ്രദേശത്തുണ്ടായിരുന്ന വർഗ്ഗത്തിനും അപ്രകാരമുള്ളൊരു മറുവില അഥവാ വീണ്ടെടുപ്പു വില എല്ലാവർക്കുംവേണ്ടി തന്നെത്താൻ മറുവിലയായി കൊടുത്ത മനുഷ്യനാം ക്രിസ്തുയേശുവിൽ (1 തിമൊ. 2:5,6) നാം കണ്ടെത്തുന്നു. അവൻ എല്ലാവർക്കുംവേണ്ടി മരണം ആസ്വദിച്ചു (എബ്രാ. 2:9; മത്താ. 20:28; മർക്കൊ.10:45) പൗലൊസ് 1 കൊരി. 15:3 -ൽ താൻ പ്രാപിക്കുകയും പ്രഖ്യാപിക്കുകയും ചെയ്ത സുവിശേഷത്തിന്റെ

പരമതത്വമെന്തെന്നു പ്രസ്താവിക്കുന്നു. ക്രിസ്തു നമ്മുടെ പാപങ്ങ ൾക്കുവേണ്ടി തിരുവെഴുത്തുകളിൻ (പഴയനിയമം) പ്രകാരം മരിച്ചു എന്നതാണ് അത്.

മാനവരാശിക്കാകെ മറുവിലയാകേണ്ടതിന് ക്രിസ്തു നിത്യദണ്ഡന മനുഭവിക്കുകയല്ല മരിക്കുകയാണ് വേണ്ടത് എന്നു പ്രസ്താവിക്കുന്ന പ്രവചന സ്വഭാവത്തിലുള്ള ഏതാനും പഴയനിയമ തിരുവെഴുത്തുകൾ പരിശോധിക്കാം. 22-ാം സങ്കീർത്തനം, ക്രിസ്തു മരണംകൊണ്ടു - ക്രൂശിലെ മരണംകൊണ്ടുതന്നെ - മറുവിലയായിത്തീർന്നതിന്റെ വിശദമായ പ്രാവചനിക വിവരണമാണ്. യെശ. 53:4-12 ജഡമായിത്തീർന്ന ദൈവപുത്രനെ സംബന്ധിച്ചു ഇതേ സാക്ഷ്യം തന്നെ തരുന്നു (യോഹ. 1:14; 3:16,17). നമുക്കുവേണ്ടിയുള്ള പാപയാഗമെന്ന നിലയ്ക്ക് നമ്മുടെ ബലഹീനതകളെ അവൻ ചുമന്നു, നമ്മുടെ ദു:ഖങ്ങൾ അവൻ വഹിച്ചു, നമ്മുടെ വേദനകൾ അവൻ ചുമന്നു. നമ്മുടെ ലംഘനങ്ങൾക്കുവേണ്ടി മുറിവേറ്റു, നമ്മുടെ അനീതികൾക്കുവേണ്ടി തകർന്നു -നമ്മുടെ സമാധാനത്തിനുള്ള ശിക്ഷ അവന്റെ മേലായി (റോമ. 5:1) അവന്റെ അടിപ്പിണരാൽ നമുക്കു സൗഖ്യം ലഭിച്ചു, നമ്മുടെ എല്ലാവരുടെയും അകൃത്യം യഹോവ അവന്റെ മേൽ ചുമത്തി (യെശ. 53:4-6), ജീവനുള്ളവരുടെ ദേശത്തുനിന്നു മശിഹാ തന്റെ മനുഷ്യാവസ്ഥയിൽ ഛേദിക്കപ്പെട്ടു. അവർ അവനു ദുഷ്ടന്മാരോടു കൂടി ശവക്കുഴി കൊടുത്തു, അവൻ തന്റെ മരണത്തിൽ സമ്പന്നന്മാരോടുകൂടിയായിരുന്നു. അവൻ തന്റെ പ്രാണനെ മരണത്തിനു ഒഴുക്കിക്കളഞ്ഞു. (യെശ. 53:8-12) ദാനി. 9:26 മശിഹാ ഛേദിക്കപ്പെടുമെന്നു മുന്നെഴുതിയിരിക്കുന്നു.

പാപത്തിന്റെ ശിക്ഷ മരണമാണെന്നു തിരുവെഴുത്തുകൾ ഇത്ര വ്യക്തമായി പഠിപ്പിക്കെ ഈ ഉപമയുടെ അക്ഷരികവ്യാഖ്യാനം മറുവിലയുടെ തത്ത്വത്തിന് എത്ര എതിരായിരിക്കുന്നു. പാപത്തിന്റെ ശിക്ഷ നിത്യദണ്ഡനമാണെങ്കിൽ നാമെല്ലാം നിശ്ചയമായും നിത്യദണ്ഡനം അനുഭവിക്കേണ്ടിവരും, കാരണം അപ്രകാരമുള്ളൊരു ശിക്ഷയിൽനിന്നു നമ്മെ മോചിപ്പിക്കുന്നതിനായി ക്രിസ്തു അങ്ങനെയുള്ളൊരു ശിക്ഷ അനുഭവിച്ചിട്ടില്ല.

കൂടാതെ അക്ഷരികവ്യാഖ്യാനം ധനവാനോ ലാസറിനോ ജീവനുവേണ്ടിയുള്ള പരിശോധനയ്ക്ക് ഒരു അവസരമുണ്ടെന്നുള്ള സത്യത്തിന് എതിരാണ്, കാൽവറിയിലെ ക്രൂശിൽ അപ്രകാര മുള്ളൊരവസരത്തിന്റെ വാഗ്ദാനമുണ്ട്, പരിശോധനയുടെ ആ അവസരത്തിൽ ക്രിസ്തു നിയമ ലംഘികൾ എന്ന നിലയിൽ അവർക്കുവേണ്ടി ഇട നിൽക്കും. ക്രിസ്തുവിന്റെ പ്രായശ്ചിത്തത്തിന്റെ

പുണ്യം കൂടാതെ ആർക്കും നിത്യമായ അനുഗ്രഹത്തിനു അവകാശമില്ല, ഇത് കാൽവറിക്കു ശേഷമേ സാധിക്കൂ (അപ്പൊ. 4:12). അവൻ ദൈവകൃപയാൽ എല്ലാവർക്കും വേണ്ടി മരണമാസ്വദിച്ചു (എബ്രാ. 2:9; 1 തിമൊ 4:10; 1 യോഹ 2:2), അതുകൊണ്ട് ക്രിസ്തുവിന്റെ മരണത്തിന് മുമ്പ് ഒരു അക്ഷരിക ധനവാനെ അക്ഷരിക നിത്യദണ്ഡനത്തിനു ശിക്ഷിക്കുന്നത് ധനവാൻകൂടെ ഉൾപ്പെട്ട എല്ലാവർക്കും വേണ്ടിയുള്ള മറുവിലയുടെ നിഷേധമായിരിക്കും (1 തിമൊ. 2:6).

**3. അക്ഷരിക വ്യാഖ്യാനം നരകത്തെ (ഷിയോൽ) സംബന്ധിച്ച വേദസിദ്ധാന്തത്തിനു വിരുദ്ധം. ഷിയോൽ (നരകം) ഒരു അബോധശൂന്യാവസ്ഥ**

അന്യത്ര വിശദമാക്കിയപ്രകാരം നരകം (ഷിയോൽ-ഹേഡീസ് - ഗീഹെന്ന) ബോധാദി ചിത്തവികാരങ്ങളുടെ വിരാമത്തിൽ കലാശിക്കുന്ന മരണത്തിന്റെ അഭാവസ്ഥിതിയെ (ആസ്തിക്യനാശത്തെ) കാണിക്കുന്നു, ഇത് ജീവന്റെ വിപരീതാവസ്ഥയാണ്, ഷിയോലിലെ (ഹേഡീസ്) അബോധസ്ഥിതിയിൽ നിന്നു പുനരുത്ഥാനത്തിൽ മനുഷ്യൻ ഉണർത്തപ്പെടും. എന്നാൽ ഗീഹെന്നയിൽ നിന്നു പുനരുത്ഥാനം ലഭിക്കുന്നതല്ല. അതു ആസ്തിക്യത്തിൽനിന്നുള്ള നിത്യ ഛേദനത്തിന്റെ അവസ്ഥയാണ്, ഇതു തന്നെയാണ് രണ്ടാംമരണം, വെളി. 20:14,15; 21:8 ഈ ഭാഗങ്ങളിൽ പറയുന്ന അഗ്നിത്തടാകം ഇതത്രെ (മത്താ. 25:41,46; മർക്കൊ. 9:44,46,48; വെളി. 20:10-15; 21:8; രണ്ടാം മരണത്തെ പരാമർശിക്കുന്ന ഇതര വേദഭാഗങ്ങൾ ഇവ മനസ്സിലാക്കുന്നതിനു ബൈബിൾ സ്റ്റാൻഡാർഡ് 199, 200 ഈ ലക്കങ്ങൾ വായിക്കുക). പഴയ ഇംഗ്ലീഷു ഭാഷാന്തരത്തിൽ അനേക തവണ സന്ദർഭാനുസരണം ഷിയോൽ, ഹേഡീസ് ഇവ നരകം എന്നോ ശവക്കുഴി എന്നോ തർജ്ജമ ചെയ്യുന്നു. നരകം എന്നായാൽ അഥവാ ശവക്കുഴി എന്നും ശവക്കുഴി എന്നായാൽ അഥവാ നരകം എന്നും മാർജിനിൽ കുറിച്ചിരിക്കും. അതുകൊണ്ട് നരകം ശവക്കുഴി ഇവ തുല്യാർത്ഥമെന്നു വരുന്നു. അതായത് മരണത്തിൽ സംഭവിക്കുന്ന ഇല്ലായ്മയുടെ അവസ്ഥ (സങ്കീ. 49:15; 55:15; 86:13; യെശ. 14:9; യോനാ. 2:2; 1കൊരി. 15:55 ഇവയുടെ മാർജിൻ കുറിപ്പ് നോക്കുക) - ഇംഗ്ലീഷ് ഭാഷാന്തരം -A.V.

നരകം (ഷിയോൽ) മരണത്തിന്റെ നാസ്തിത്വത്തെയും ജീവന്റെ വിപരീതാവസ്ഥയേയും കുറിക്കുന്നു എന്നു തെളിയിക്കുന്ന ഇതര വേദഭാഗങ്ങളിൽ ചിലതു പരിശോധിക്കാം.

**1 ശമു. 2:6.** യഹോവ കൊല്ലുന്നു എന്ന വാക്യത്തിനു സമാന്തരമായി ശവക്കുഴിയിൽ (ഷിയോൽ) ഇറങ്ങുമാറാക്കുന്നു എന്ന പ്രയോഗം

വരുന്നു. ജീവിപ്പിക്കുന്നു എന്നതിനു സമാന്തരമാണ് എഴുന്നേൽപിക്കുന്നു എന്നത്. ഈ ഇരട്ട സമാന്തരപ്രയോഗം മരണത്തിൽ നാം ഷിയോലിൽ പ്രവേശിക്കുകയും മരിച്ചവരുടെ പുനരുത്ഥാനത്തിൽ അതിൽനിന്നു വിമോചനം വരുകയും ചെയ്യുന്നു എന്ന് തെളിയിക്കുന്നു. അതുകൊണ്ട് അവിടെ ബോധമോ യാതനയോ ആനന്ദമോ അനുഭവപ്പെടുകയില്ല. ശവകുടീരത്തിലെ അബോധ നിദ്രയിൽ നിന്നു പുനരുത്ഥാനത്തിൽ ഉണർത്തപ്പെടുംവരെ മരിച്ചവൻ ഇല്ലായ്മ പ്രാപിക്കയാണ്.

**ഇയ്യോ. 14:21** അവന്റെ പുത്രന്മാർക്കു ബഹുമാനം വരുന്നത് അവൻ അറിയുന്നില്ല. അവർക്കു താഴ്ച ഭവിക്കുന്നത് അവൻ ഗ്രഹിക്കുന്നില്ല . പരേതരായ പിതാക്കൾ സന്തതികളുടെ സുഖദു:ഖാനുഭവങ്ങളെപ്പറ്റി അജ്ഞരായിരിക്കും. അവരുടെ ശ്രേയോലാഭത്തിൽ അവർക്കു ആനന്ദമോ ശ്രേയോഹാനിയിൽ ദു:ഖമോ ഉണ്ടാകുന്നില്ല. അവർ ഒട്ടും ബോധവാന്മാരല്ല. ഇയ്യോ. 14:13; 17:13 ഇവ ഷിയോലിന്റെ അന്ധകാര നിഗൂഢമായ അവസ്ഥയെപ്പറ്റി പറയുന്നു. ഈ വിവരണം സൗഭാഗ്യത്തിന്റെയോ നിത്യ ദൗർഭാഗ്യത്തിന്റെയോ സ്ഥലത്തിനല്ല മൃതിയുടെ ശൂന്യലോകത്തിനേ യോജിക്കൂ. **സങ്കീ. 6:5** മരണത്തിൽ നിന്നെക്കുറിച്ച് ഓർമ്മയില്ല. പാതാളത്തിൽ (ഷിയോൽ-ശവക്കുഴി) ആർ നിനക്കു സ്തോത്രം ചെയ്യും? നീതിമാനായ ദാവീദ് നിശ്ചയമായും മരണാനന്തരം യാതനയിൽ തള്ളപ്പെടുകയില്ല. അഥവാ ഷിയോലിൽ ആനന്ദത്തിന്റെ ഒരു സ്ഥാനമുണ്ടെങ്കിൽ അവൻ അവിടെ യഹോവയെ സ്തുതിക്കാതിരിക്കുമോ? എന്നാൽ ഈ വാക്യം എന്താണ് തെളിയിക്കുന്നത്? മരണംമൂലം ദൈവത്തെ ഓർക്കാൻ കഴിയുകയില്ല. ഷിയോലിൽ ആകയാൽ അവനെ സ്തുതിക്കുന്നതിന് അശക്തനുമായിരിക്കും. അങ്ങനെയെങ്കിൽ മൃതിയുടെ അബോധനിദ്രാവസ്ഥയിലായിരിക്കണം ദാവീദ്. ഈ സ്ഥിതിയിൽ പുനരുത്ഥാനത്തിൽ ഉണരുംവരെ ആ മരണനിദ്രയിൽ കഴിയേണ്ടിവരും.

**സങ്കീ. 30:3.** ഇവിടെ കുഴി എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നത് ഷിയോൽ എന്ന എബ്രായപദമാണ്. കുഴിയിൽ ഇറങ്ങുക എന്നാൽ മരിക്കുക എന്നർത്ഥം. കുഴിയിൽ ആകാതെ കാക്കുക എന്നുവച്ചാൽ ജീവനോടിരിക്കുക എന്നു തന്നെ. ഇതേ ആശയം സങ്കീ. 89:48-ലും കാണാം.

**സങ്കീ. 31:17.** ദുഷ്ടന്മാർ ഷിയോലിൽ (ശവക്കുഴി) മൗനമായിരിക്കട്ടെ. ഷിയോൽ സൗഭാഗ്യത്തിന്റെ ഭവനമെങ്കിൽ ദുഷ്ടന്മാർക്ക് അവിടെ പ്രവേശനമുണ്ടായിരിക്കുകയില്ല. മറിച്ച് ദണ്ഡനത്തിന്റെ സ്ഥാനമെങ്കിൽ

ആരും വാവിട്ടു നിലവിളിച്ചുപോകയില്ലേ? പിന്നെ മൗനം പാലിക്കുന്നതെങ്ങനെ? ഷിയോൽ അബോധാവസ്ഥയെങ്കിൽ മാത്രമേ ഈ വേദവാക്യം ശരിയാകൂ.

**സങ്കീ. 115:17.** മരിച്ചവരും മൗനതയിൽ ഇറങ്ങിയവരും യഹോവയെ സ്തുതിക്കുന്നില്ല. മരണാനന്തര യാതനാസിദ്ധാന്തത്തിനു എതിരല്ലേ ഈ വാക്യം? കാരണം മൃതിയുടെ നിശബ്ദലോകത്തിൽ മൗനത്തിനല്ലാതെ യാതനയുടെ ഫലമായ നിലവിളിക്കു സ്ഥാനമില്ല. ഇനിയും ഇവിടെ വിഷയം നീതിമാന്മാരുടെ സൗഭാഗ്യവസതിയായ പറുദീസയാണെന്നു വിചാരിക്കാനും നിവൃത്തിയില്ല. അങ്ങനെയെങ്കിൽ അവിടെ യഹോവയുടെ അപദാനസങ്കീർത്തനം മുഴങ്ങിക്കൊണ്ടിരിക്കണമല്ലോ. അതുകൊണ്ടു മൃതിയുടെ മൂകലോകത്തിൽ മരിച്ചവർ ബോധവാന്മാരല്ലെന്നു സ്പഷ്ടം.

**സങ്കീ. 146:3,4.** പ്രഭുക്കന്മാരിൽ ആശ്രയിക്കരുത്, മനുഷ്യപുത്രന്മാരിൽ ശരണപ്പെടരുത്............ അവന്റെ ശ്വാസം പോകുന്നു. അവൻ മണ്ണിലേക്കു മടങ്ങുന്നു, അന്നുതന്നെ അവന്റെ നിരൂപണങ്ങൾ നശിക്കുന്നു . നമ്മുടെ ആശ്രയം ദൈവത്തിലും, ക്രിസ്തുവിലുമായിരിക്കണം. മനുഷ്യനിലായിരിക്കരുത്. കാരണം അവന്റെ ജീവശ്വാസം അവസാനിക്കുകയും അവൻ മണ്ണിലേക്കു തിരിയുകയും ചെയ്യും. അന്നുതന്നെ അവന്റെ വിചാരശേഷി നശിക്കുന്നു. അവൻ പിന്നെ ബോധവാനല്ല. അവനു പിന്നെ സുഖ ദു:ഖങ്ങൾ അനുഭവപ്പെടുന്നതെങ്ങനെ?

**സഭാ. 9:5,6,10.** ജീവിച്ചിരിക്കുന്നവർ തങ്ങൾ മരിക്കുമെന്നറിയുന്നു. മരിച്ചവരോ ഒന്നുമറിയുന്നില്ല. അവർക്കു മേലാൽ ഒരു പ്രതിഫലവുമില്ല. അവരെപ്പറ്റിയുള്ള സ്മരണ (ഏറിയും കുറും) നഷ്ടപ്രായമാകുന്നു. അവരുടെ സ്നേഹവും ദ്വേഷവും അസൂയയും നശിച്ചുപോയി. സൂര്യനു കീഴെ നടക്കുന്ന ഒന്നിലും അവർക്ക് ഒരു നാളും (എബ്രായ മൂലത്തിൽ ദീർഘമായ ഒരു അനിശ്ചിതകാലം) ഓഹരിയില്ല .... നീ ചെല്ലുന്ന ശവക്കുഴിയിൽ (ഷിയോൽ-പാതാളം) പ്രവർത്തിയോ സൂത്രമോ അറിവോ ജ്ഞാനമോ ഇല്ല . ജീവിച്ചിരിക്കുന്നവർ കുറഞ്ഞപക്ഷം ആദാമ്യശാപം നിമിത്തം മരിക്കേണ്ടവരാണെന്ന സത്യമെങ്കിലും അറിയുന്നു. മരിച്ചവരാകട്ടെ ഷിയോലിൽ അതായത് മൃതിയുടെ ലോകത്തിൽ ബോധരഹിതരായിരിക്കുന്നു. അതുകൊണ്ട് മനുഷ്യന് മരണാനന്തരം സുഖദു:ഖാനുഭവങ്ങൾ സങ്കല്പിക്കുന്നതബദ്ധം. മരിച്ചവർക്ക് അറിവുണ്ടെങ്കിൽ സുഖദു:ഖ ജ്ഞാനം ഉണ്ടായിരിക്കും. മരിച്ചവർക്ക് സ്നേഹദ്വേഷാദി വികാരങ്ങൾ നശിച്ചിരിക്കുന്നു. നീതിമാന്മാർ മരണാനന്തരം പറുദീസയിൽ സന്തോഷിക്കുന്നപക്ഷം അവർ തുടർന്നും സ്നേഹിക്കേണ്ടതാണ്. ദുഷ്ടന്മാരാണെങ്കിൽ ദ്വേഷിക്കുകയും

അസൂയപ്പെടുകയും ചെയ്യേണ്ടതാണ്. തങ്ങളെ പീഡിപ്പിക്കുന്ന ദൈവത്തോടു കടുത്ത ദ്വേഷവും നന്മ അനുഭവിക്കുന്ന നീതിമാന്മാരോടു ദുസ്സഹമായ അസൂയയും ഉണ്ടായിരിക്കേണ്ടതാണ്. അതുകൊണ്ട് ഷിയോൽ (നരകം) എന്നത് അബോധാവസ്ഥ തന്നെ.

**യെശ. 63:16.** നീയല്ലോ ഞങ്ങളുടെ പിതാവ്; അബ്രഹാം ഞങ്ങളെ അറിയുന്നില്ല; ഇസ്രയേലിന് ഞങ്ങളെ തിരിയുന്നതുമില്ല: നീയോ യഹോവേ, ഞങ്ങളുടെ പിതാവാകുന്നു .

യെശയ്യാവ് ഇത് എഴുതുന്ന കാലത്ത്, അബ്രഹാമും യാക്കോബും നിര്യാതരും തങ്ങളുടെ പിൻതലമുറകളെപ്പറ്റി അജ്ഞരും ആണെന്നു ഈ വാക്യം തെളിയിക്കുന്നു. അതുകൊണ്ട് അക്ഷരാർത്ഥത്തിലുള്ള ഒരു ധനവാനോടു അക്ഷരാർത്ഥത്തിലുള്ള അബ്രഹാം അക്ഷരാർത്ഥത്തിൽ സംസാരിച്ചു എന്ന് ഈ ഉപമയിൽനിന്നു ധരിക്കുന്നത് അനുചിതം തന്നെ. കാരണം അബ്രഹാം മരിക്കുകയും അവന്റെ മനോവൃത്തികൾക്കു വിരാമം ഭവിക്കുകയും ചെയ്തു.

പ്രേതാത്മവാദത്തെ തീർത്തും നിഷേധിക്കുന്നതാണ് മേൽ വാക്യങ്ങൾ എന്നു സന്ദർഭവശാൽ പറഞ്ഞുകൊള്ളട്ടെ. പ്രേതാത്മവാദികൾ പരേതരായ ബന്ധുമിത്രാദികൾക്കു നാമുമായി സമ്പർക്കം പുലർത്താൻ കഴിയുമെന്നാണല്ലോ വാദിക്കുന്നത്. പ്രേതാത്മാക്കളുമായുള്ള സമ്പർക്കമെന്നു തോന്നിക്കുന്ന അനുഭവങ്ങളിൽ ഭൂരിഭാഗവും വെറും തട്ടിപ്പാണ്. അമ്മാതിരി സംഭവങ്ങളിൽ മദ്ധ്യവർത്തികൾ നമ്മെ വഞ്ചിക്കുകയാണ്. എന്നാൽ ഈ അനുഭവങ്ങളിൽ ഒരു ഭാഗം യഥാർത്ഥമാണ്. പക്ഷേ പ്രേതാത്മവാദികൾ സിദ്ധാന്തിക്കുന്നതുപോലെ മരിച്ചു പോയവരുടെ ആത്മാക്കളല്ല ജീവിച്ചിരിക്കുന്നവരുമായി സംഭാഷിക്കുന്നത്. പരേതരായ സുഹൃത്തുക്കളും ബന്ധുക്കളുമായി അഭിനയിക്കുന്ന ദുഷ്ടാത്മാക്കളാണ് അപ്രകാരം പെരുമാറുന്നത്. നമ്മുടെ ജീവിത രഹസ്യങ്ങൾ അവർക്കറിയാം. നമ്മുടെ വിചാരഗതികൾ അവർക്കൊരു തുറന്ന പുസ്തകമാണ്. അങ്ങനെ നാമോ നമ്മുടെ പരേത സുഹൃത്തുക്കളോ ഒഴികെ വേറാരും ഗ്രഹിച്ചിട്ടില്ലെന്നു നാം കരുതുന്ന കാര്യങ്ങൾ അവർ വിളിച്ചു പറയുന്നു. ഈ അറിവിനെ ആയുധമാക്കി നമ്മോടു സംഭാഷിക്കുന്നത് കഥാവശേഷരായ നമ്മുടെ ബന്ധുമിത്രാദി കളാണെന്നു നമ്മെ ബോധ്യപ്പെടുത്താൻ അവർ ശ്രമിക്കുന്നു. മരിച്ചവർ ഇല്ലായ്മ പ്രാപിക്കുന്നു എന്ന വേദസത്യം അറിയാത്തവർ ശത്രുവിന്റെ വഞ്ചനയിൽ അകപ്പെട്ട് അവന്റെ സ്വാധീനവലയത്തിൽ അമരാൻ ഇടവരുന്നു.

**മരണം നിദ്രയോടും സദൃശ്യം.** മരണാവസ്ഥയെ വിശദമാക്കാൻ

ബൈബിൾ ഉപയോഗിക്കുന്ന സാദൃശ്യങ്ങളിൽ ഒന്നാണു നിദ്ര. കാരണം ഒരാൾ സ്വപ്നാതീതമായ ഗാഢനിദ്രയിൽ ആണ്ടിരിക്കുമ്പോൾ ചുറ്റുപാടും നടക്കുന്ന സംഭവങ്ങളെ സംബന്ധിച്ച് ഒട്ടും ബോധവാനല്ല.

**ദാനി. 12:2.** ഭൂമിയിലെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ പലരും ചിലർ നിത്യജീവനായും ചിലർ ലജ്ജക്കും നിത്യനിന്ദെക്കുമായും ഉണരും . ഇവിടെ മൃതന്മാർ ഭൂമിയിലെ പൊടിയിൽ നിദ്രകൊള്ളുന്നതായി പറയുന്നു. എന്നാൽ മിശിഹാ ലോകത്തിന്റെ ഭരണകർത്താവായി വരുമ്പോൾ തക്കസമയത്തു അവർ ഉണർത്തപ്പെടും. അതുകൊണ്ടു മരണത്തിൽ ഇരിക്കും കാലത്തോളം അവർ ബോധവാന്മാരല്ല. അവർക്കു സുഖമോ ദു:ഖമോ അനുഭവപ്പെടുന്നില്ല. നന്മ ചെയ്തവർ ജീവനിലേക്കു മടങ്ങി വരുന്നതായി പറയുന്നതുകൊണ്ടു പുനരുത്ഥാനം വരെ അവർക്കു ജീവനില്ലെന്നു തെളിയുന്നു.

**യോഹ. 11:11.** നമ്മുടെ സ്നേഹിതനായ ലാസർ നിദ്രകൊള്ളുന്നു. ഞാൻ അവനെ നിദ്രയിൽനിന്നു ഉണർത്തുവാൻ പോകുന്നു എന്നു യേശു പറഞ്ഞു. ക്രിസ്തു തന്റെ സ്നേഹിതനായ ബേഥാന്യയിലെ ലാസറിന്റെ മരണത്തെ ആലങ്കാരികമായി നിദ്ര എന്നു വ്യവഹരിക്കുന്നു. ശിഷ്യന്മാർ ഈ വാക്കുകൾ തെറ്റിദ്ധരിച്ചു ലാസറിന്റെ രോഗനില ഭേദപ്പെടുന്നു എന്നാണവർ വിചാരിച്ചത്. അപ്പോൾ യേശു സ്പഷ്ടമായി പറഞ്ഞു. 'ലാസർ മരിച്ചു പോയി; ഞാൻ അവനെ നിദ്രയിൽനിന്ന് ഉണർത്തുവാൻ പോകുന്നു'. ബേഥാന്യയിൽ അവൻ വന്ന വിവരം ഒന്നാമത് അറിയുന്നതു മാർത്തയാണ്. ഉത്തരക്ഷണം അവൾ ഗുരുവിന്റെ സമക്ഷത്തേയ്ക്കോടി 'നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മരിക്കയില്ലായിരുന്നു' എന്നാണ് അവൾക്കു പറയാനുള്ളത് (യോഹ. 11:21). ക്രിസ്തുവിന്റെ സ്നേഹിതനായ ലാസർ ഒരു നല്ല മനുഷ്യനായിരുന്നിരിക്കണം. അതുകൊണ്ട് അയാൾ ദണ്ഡനസ്ഥലത്തേക്കു പോയിരിക്കയില്ല. ഉപമ അക്ഷരീകമായി വ്യാഖ്യാനിക്കുന്നവരുടെ മതത്തിൽ ബേഥാന്യയിലെ ലാസർ സ്വർഗ്ഗത്തിലായിരുന്നിരിക്കണം മരണശേഷം. അങ്ങനെയെങ്കിൽ യേശു കണ്ണുകൾ ഉയർത്തി ഒരു വശത്തു സ്വർഗ്ഗത്തിൽ ഭാഗ്യശാലികളുടെ മദ്ധ്യേ ലാസറിനെയും മറുവശത്തു ഭൂമിയിൽ ദു:ഖാർത്തരായ മാർത്തയേയും മറിയയേയും കണ്ടിട്ട് ഏതാണ്ടിങ്ങനെ പറഞ്ഞിരിക്കും. 'ലാസറേ ഇറങ്ങിവരിക, നിന്റെ സഹോദരികൾ എത്ര ദു:ഖാർത്തരായിരിക്കുന്നു? അവരെ ശോകസാഗരത്തിൽ ആഴ്ത്തിക്കൊണ്ടുനിനക്കു സ്വർഗ്ഗസുഖം അനുവദിക്കാൻ സാദ്ധ്യമല്ല. അവരുടെ സമാശ്വാസത്തിനായി നിന്നെ ശാപഗ്രസ്തമായ ഈഭൂമിയിലേക്കു പുനരാനയിക്കാൻ ഞാൻ നിർബന്ധിതനായിരിക്കുന്നു'. എന്നാൽ ഇങ്ങനെ

വല്ലതും അവൻ പറയുകയുണ്ടായോ? മറിച്ചു ഭൂമിയുടെ അധോതല ങ്ങളിലേക്കു കണ്ണുകൾ തിരിച്ചിട്ട് ഇങ്ങനെ പറഞ്ഞുമില്ല. ലാസറേ അങ്ങകലെ നരകാഗ്നിയിൽ കിടന്നു നീ വേദനകൊണ്ടു പുളയുന്നതു ഞാൻ എങ്ങനെ സഹിക്കും? ദുരാത്മാക്കളേ നിങ്ങളുടെ അഗ്നി ക്കൊടിലുകൾ നിലത്തിടുക. ലാസറേ കയറി വരിക എന്നോ ഇറങ്ങി വരിക എന്നോ അല്ല, പുറത്തുവരിക എന്നു മാത്രമാണു പറഞ്ഞത്. മരിച്ചവൻ പുറത്തു വന്നു. മരിച്ചവൻ എന്ന പ്രയോഗം ശ്രദ്ധേയമാണ്. നരകത്തിൽ യാതനയിലോ സ്വർഗ്ഗത്തിൽ സുഖാനുഭൂതിയിലോ ബോധവാനായിക്കഴി യുന്നവനല്ല, കേവലം മരിച്ചവനാണു ലാസർ. യഹൂദ സമ്പ്രദായപ്രകാരം ചരമവസ്ത്രങ്ങൾക്കൊണ്ട് കൈകാലുകൾ ബന്ധിക്കപ്പെട്ടവനായി മരിച്ചവൻ പുറത്തുവന്നു. അവന്റെ കെട്ടഴിപ്പിൻ, അവൻ പോകട്ടെ എന്നു യേശു പറഞ്ഞു (യോഹ. 11:43,44), അങ്ങനെ ചെയ്യപ്പെട്ടു.

ഇങ്ങനെ ചിന്തിക്കുമ്പോൾ ലാസർ വാസ്തവമായി മരിച്ചിരുന്നു. അവൻ നഷ്ടപ്രജ്ഞനായി മരണ നിദ്രയിലായിരുന്നു. ക്രിസ്തുവിന്റെ മഹാശക്തിമത്തായ ആജ്ഞയിങ്കൽ അവൻ പുറത്തുവന്നു. വിസ്തമയസ്തബ്ധരായ അവന്റെ സഹോദരികൾക്കു അവനെ ജീവനുള്ളവനായി തിരികെ കിട്ടി. അവൻ മൃത്യുഗ്രസ്തനായിക്കഴിഞ്ഞ മൂന്നു നാലുദിവസത്തെ വിചിത്രാനുഭവങ്ങളെപ്പറ്റി അവനൊന്നും പറയാനുണ്ടായിരുന്നില്ല. സ്വർഗ്ഗദർശനത്തിന്റെ ഒരു വർണ്ണന നമുക്കു സ്വാഭാവികമായും പ്രതീക്ഷിക്കാമായിരുന്നു. ദൈവവും ദൈവദൂതന്മാരും ഒക്കെ എങ്ങനെ കാണപ്പെട്ടു എന്നും മറ്റും വർണ്ണിച്ചു കേൾക്കാൻ നാം ആഗ്രഹിക്കുകയില്ലേ? എന്നാൽ സ്വർഗ്ഗ മഹത്വങ്ങളെപ്പറ്റി അവൻ മൗനം പാലിക്കുകയാണ്. നരകത്തെപ്പറ്റിയും ഭയാനകമായ പല കഥകളും നാം പ്രതീക്ഷിക്കുന്നുണ്ടാകും. അതിനെക്കുറിച്ചും ലാസറിനൊന്നും പറയാനില്ല. കൊമ്പും, കുളമ്പും, ചുരുണ്ടവാലും, പിളർന്നനാവുമായി ത്രിശൂലപാണി കളും തീകൊണ്ടുപൊള്ളാത്തവരുമായ പിശാചുക്കളെപ്പറ്റിയുള്ള ബീഭത്സവൃത്താന്തങ്ങളൊന്നും നാം കേൾക്കുന്നില്ല. ഇമ്മാതിരി പേക്കിനാക്കളെല്ലാം അന്ധകാരയുഗങ്ങളിലെ കണ്ടുപിടുത്തമാണ്. ലാസർ വാസ്തവമായും മരിച്ചുപോയിരുന്നു.

മരിച്ചവർ ഒന്നുമറിയുന്നില്ല . ഇങ്ങനെ തന്നെ പ്രഥമ ക്രിസ്തീയ രക്തസാക്ഷിയായ സ്തെഫാനൊസിനെപ്പറ്റി നാം വായിക്കുന്നു. കർത്താവേ ഈ പാപം അവർക്കു കണക്കിടരുതേ എന്നു അവൻ ഉച്ചത്തിൽ നിലവിളിച്ചു. പിന്നെ അവൻ നിദ്രകൊണ്ടു (അപ്പൊ. 7:60). യാതനയുടെ സ്ഥാനത്തേക്കോ പറുദീസയിലേക്കോ പോകുന്നതായിട്ടല്ല കേവലം നിദ്രാധീനനാകുന്നതായിട്ടാണ് ഇവിടെ വിവരിക്കുന്നത്. അപ്പൊ.

13:36-ൽ പൗലൊസ് ഇങ്ങനെ പറയുന്നു. ദാവീദ് നിദ്ര പ്രാപിച്ചു പിതാക്കന്മാരോട് ചേർന്നു ദ്രവത്വം കണ്ടു. ദാവീദ് സ്വർഗ്ഗത്തിലേക്കു പോയതായിട്ടല്ല (അപ്പൊ.2:34) മരണനിദ്രയിൽ പതിച്ചതായിട്ടത്രെപറയപ്പെട്ടിരിക്കുന്നത്. സങ്കീ. 16:10-നോട് ഈ വേദഭാഗം പൊരുത്തപ്പെടുന്നില്ലെന്നു ചിലർ വിചാരിച്ചേക്കാം. എന്നാൽ അപ്പൊ.2:25-32-ൽ കാണിച്ചിരിക്കുന്നതുപോലെ ഇവിടെ ദാവീദ് ക്രിസ്തുവിനെപ്പറ്റി പ്രാവചനികമായിപ്പറയുകയാണെന്നു മനസ്സിലാക്കണം. 1 കൊരി. 15:17-18,20 നോക്കുക. ക്രിസ്തു ഉയർത്തിട്ടില്ലെങ്കിൽ ..... ക്രിസ്തുവിൽ നിദ്രകൊണ്ടവരും നശിച്ചുപോയി. എന്നാൽ ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരിൽ നിന്നു ഉയർത്തിരിക്കുന്നു . മരണത്തിൽ ക്രിസ്തു നിദ്രാവസ്ഥയിലായിരുന്നു, അവൻ മരിച്ചവരിൽ നിന്നു ഉയിർക്കാതിരുന്നെങ്കിൽ ക്രിസ്തുവിൽ നിദ്രകൊണ്ടവരും നശിച്ചുപോയേനെ. ആ അവസ്ഥ എന്നാളും തുടരുമായിരുന്നു. തീർച്ചയായും ഈ അവസ്ഥ യാതനയിലോ ആനന്ദത്തിലോ ഉള്ള നിദ്രയുടെ രൂപമാകയില്ലല്ലോ.

**4) അക്ഷരിക വ്യാഖ്യാനം സാത്താന്യ വ്യാജകഥനത്തിൽ അടിസ്ഥാനപ്പെട്ടത്:**

പിശാച് ആദിമുതൽ ഭോഷ്കു പറയുന്നു (യോഹ. 8:44). നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൽനിന്നു തിന്നരുത്. തിന്നുന്ന നാളിൽ നീ നിശ്ചയമായും മരിക്കും എന്നു ദൈവം ആദാമിനോട് അരുളിചെയ്തു. ഉല്പ 2:17 സാത്താൻ പ്രത്യക്ഷത്തിൽ തന്നെ അതിനൊരു വെല്ലുവിളിയെന്നവണ്ണം ഹവ്വയോടു പറഞ്ഞു. നിങ്ങൾ നിശ്ചയമായും മരിക്കയില്ല..... നിങ്ങൾ ദൈവത്തെപ്പോലെയായി നന്മതിന്മകൾ തിരിച്ചറിയാൻ ശക്തരാകും എന്നു ദൈവം അറിയുന്നു (ഉല്പ. 3:4,5). സാരാംശത്തിൽ സാത്താന്റെ വാക്കുകളുടെ അർത്ഥമെന്ത്? അവർ നിശ്ചയമായും എന്നുവച്ചാൽ യഥാർത്ഥത്തിൽ മരിക്കയില്ല. മരണം എന്നത് ഒരു തോന്നൽ മാത്രമായിരിക്കും. മരണാനന്തരവും ജീവിതം പ്രകാരാന്തരേണ തുടരും. അതായത് അവർ പിന്നീട് മനുഷ്യാവസ്ഥ വിട്ടു ദേവാവസ്ഥ പ്രാപിക്കും. ആത്മജീവികളായ ദേവന്മാർ (ദൈവങ്ങൾ) ആയിത്തീരും. പറഞ്ഞപ്രകാരം ചെയ്യുന്നപക്ഷം മരണശേഷം അവർക്കു സൗഭാഗ്യം (നന്മ) അനുഭവപ്പെടും. അല്ലാത്തപക്ഷമോ തിന്മ അഥവാ ദണ്ഡനമായിരിക്കും ഫലം. മരിച്ചവർ ഒന്നുമറിയുന്നില്ല എന്ന വേദസിദ്ധാന്തത്തിനു നേർവിരുദ്ധമല്ലേ ഈ ദണ്ഡനവാദം. ഏറെക്കുറെ ലോകജനാവലിയെ ആകെത്തന്നെ വഴിതെറ്റിക്കാൻ സാത്താൻ ആയുധമാക്കിയിരിക്കുന്ന അവന്റെ ആദിമഭോഷ്ക്കാണിത്. ഈ വലയിൽ കുടുങ്ങാത്തവർ വളരെ ചുരുക്കം.

**5) അക്ഷരിക വ്യാഖ്യാനം ഉപമകളുടെ പ്രതിരൂപാത്മക സ്വഭാവത്തിനു ചേർന്നതല്ല.**

ഉപമകൾ സംഭവകഥകളല്ല. കേവലം അന്യാപദേശകഥനങ്ങളാണ്. കർത്താവ് നാലിനം മണ്ണിനെപ്പറ്റി പ്രസ്താവിച്ചപ്പോൾ ദൈവവചനമാകുന്ന വിത്തു വിതയ്ക്കപ്പെടുന്ന നാലിനം മനസ്സിനെയാണ് അക്ഷരാർത്ഥത്തിലുള്ള മണ്ണിനെയല്ല, വിവക്ഷിച്ചത്. വഴിയരിക് കഠിനചിത്തത്തെ കാണിക്കുന്നു. കഠിനചിത്തർ സത്യം സ്വീകരിക്കുന്നില്ല. ആകാശത്തിലെ പറവകൾ ദുരാത്മാക്കളെയും വ്യാജോപദേഷ്ടാക്കളെയും കുറിക്കുന്നു. അവർ ഹൃദയത്തിൽ നിന്ന് ദൈവവചനം അപഹരിച്ചു കളയുന്നു. ഇനിയും ഗോതമ്പിന്റെയും കളയുടെയും ഉപമ പരിശോധിക്കുക. (മത്താ. 13:24–30) ഇതും ഉപമകൾക്കു അക്ഷരാർത്ഥമല്ല വിവക്ഷിതം എന്നു തെളിയിക്കുന്നു. അക്ഷരാർത്ഥത്തിലുള്ള ഗോതമ്പോ കളയോ അല്ലല്ലോ വിതയ്ക്കപ്പെട്ടത്. ഗോതമ്പു യഥാർത്ഥ ദൈവജനം. കളയാകട്ടെ ദൈവജനങ്ങളുടെ കപടാനുകരണം. ധനവാനും ലാസറും എന്നതും ഉപമാസാധാരണമായ പ്രതിരൂപാർത്ഥത്തിൽ തന്നെ വ്യാഖ്യാനിക്കണം.

**6) അക്ഷരിക വ്യാഖ്യാനം ശിക്ഷയുടെ പ്രമാണത്തിനു വിരുദ്ധം.**

ധനവാനിൽ യാതൊരു കുറവും ആരോപിച്ചിട്ടില്ല. ധനവാനായിരിക്കുന്നതു കുറ്റമാണോ? അങ്ങനെയെങ്കിൽ ദൈവവും പൂർവ്വപിതാവായ അബ്രഹാമും ആയിരിക്കും ഏറ്റവും വലിയ കുറ്റവാളികൾ. അബ്രഹാം മഹാ ധനികനായിരുന്നു. ദൈവമാകട്ടെ അപ്രമേയ ധനവാനും. ഇനിയും ധനവാന്റെ മൃഷ്ടഭോജനം അനാരോഗ്യകരമല്ലെങ്കിൽ അതിലുമില്ല പാപം. പട്ടും വസ്ത്രവും ധരിച്ചു എന്നതാണ് ഇനിയൊന്ന്. അതും പാപകരമെന്ന് കരുതിക്കൂടാ. യാചകന് അപ്പക്ഷണങ്ങൾ നൽകിയതാകുമോ പാപം? ധനവാൻ അങ്ങനെ ചെയ്തിരിക്കും. അല്ലാത്തപക്ഷം ലാസർ അവിടെ സ്ഥിരവാസം ചെയ്യുമായിരുന്നില്ലല്ലോ. ഇത്തരം കാര്യങ്ങൾ ഒരുവനെ നിത്യ ദണ്ഡനാർഹനാക്കുമെങ്കിൽ നമ്മിൽ അനേകർക്കും ആശയ്ക്കു വഴിയില്ല. നാം വിലപ്പെട്ട വസ്ത്രങ്ങളും ഇഷ്ടഭോജ്യങ്ങളും അമ്പേ വർജ്ജിക്കണം (ഉല്പ. 13:2).

**7) അക്ഷരിക വ്യാഖ്യാനം രക്ഷയുടെ പ്രമാണത്തിനും വിരുദ്ധം:**

ലാസർ എന്തെങ്കിലും സൽക്കർമ്മം ചെയ്തതായി പറയുന്നില്ല. ലാസർ ആകെക്കൂടെ ചെയ്തതെന്താണ്? കടുത്ത പട്ടിണി അനുഭവിച്ചു. ഒരു കുബേരന്റെ പടിക്കൽ യാചകവൃത്തി അനുഷ്ഠിച്ചു വ്രണിത ഗാത്രനായി ജീവിതം നയിച്ചു. നായ്ക്കളെ വ്രണങ്ങൾ നക്കാൻ അനുവദിച്ചു.

ഇതിലൊക്കെ എന്തു പുണ്യമാണുള്ളത്? ഇതാണു മോക്ഷലാഭോപായമെങ്കിൽ നാം യാചകവൃത്തി അവലംബിച്ച് ഏതെങ്കിലും കോടീശ്വരന്റെ വീട്ടുപടിക്കൽ പീഡിതരായി അയാളുടെ മേശയിൽനിന്നു വീഴുന്ന അപ്പക്കഷണങ്ങളിൽ കണ്ണിട്ടു കഴിയണം, ദേഹം നിറയെ വ്രണങ്ങൾ വേണം. ആ വ്രണങ്ങൾ നക്കാൻ നായ്ക്കളെ അനുവദിക്കണം. ഇതുകൊണ്ടൊക്കെ അക്ഷരികഭാഷ്യം വർജ്ജ്യമെന്നു വരുന്നു.

**8) അക്ഷരികാർത്ഥം അസാദ്ധ്യവും വിഡ്ഢിത്തവും.**

അക്ഷരാർത്ഥത്തിലായാൽ അബ്രഹാമിന്റെ മടിയിൽ എത്ര പേർക്ക് ഇരിക്കാം? അല്ലെങ്കിൽ ലാസറിന്റെ വിരൽത്തുമ്പത്തെ വെള്ളത്തെപ്പറ്റി ചിന്തിക്കുക. നരകത്തിലെ തീജ്ജ്വാല തട്ടുമ്പോൾ ആ ജലാംശം വരണ്ടുപോകയില്ലേ? എരിതീയിൽ വരണ്ട നാവിനു ഒരു തുള്ളിവെള്ളം കൊണ്ട് എന്തു പ്രയോജനം? ഒരു മഹാസമുദ്രം തന്നെ മതിയാകുമോ? ഇതുപോലെ മറ്റൊരു വിഡ്ഢിത്തമല്ലേ ആ പിളർപ്പ്. ഇവിടെനിന്നു അങ്ങോട്ടു കടന്നു വരാൻ വിചാരിക്കുന്നവർക്കു സാദ്ധ്യമല്ല എന്നുപറയുമ്പോൾ ആനന്ദനിർവൃതിയുടെ ആസ്ഥാനത്തുനിന്നു ദുസ്സഹദു:ഖത്തിന്റെ ഘോരനരകത്തിലേക്കു കടക്കാൻ ആരു ശ്രമിക്കും? മാത്രമല്ല ആത്മജീവികൾക്ക്, അതും മഹാ ശക്തരായ ദൈവദൂതന്മാർക്ക് ഒരു പിളർപ്പ് എങ്ങനെ കടന്നുകൂടാത്തതാകും?

**9) ആത്മാവിനെ സംബന്ധിച്ച നരകവാദികളുടെ ധാരണയ്ക്ക് എതിരാണ് അക്ഷരികവ്യാഖ്യാനം.**

ആത്മാവ് സൂഷ്മവും അദൃശ്യവും അവിഭാജ്യവും അനശ്വരവുമാണെന്നാണ് അവരുടെ വിശ്വാസം. അവരുടെ കണക്കിൽ ആത്മാവിന് അകംപുറമില്ല. ലക്ഷകണക്കിന് എണ്ണങ്ങളെ ഒരു ചെറുചിമിഴിലൊതുക്കാം. മരണത്തിനു മുമ്പും പിമ്പും ശരീരത്തിന്റെ തൂക്കം നോക്കിയിട്ട് ആത്മാവിന് ഭാരമില്ല എന്ന നിഗമനത്തിൽവരെ അവർ എത്തിയിരിക്കുന്നു. ഈ ധാരണയ്ക്കെല്ലാം എതിരാണ് ധനവാനും ലാസറും അവയവയികളാണ് എന്നു വാദിക്കുന്നത്. ധനവാനു ദാഹിച്ചു വരളുന്ന നാവുണ്ട്. അബ്രഹാമിനു മടിയുണ്ട്. ലാസറിനു ആ മടിയിലിരിക്കാൻ പൃഷ്ഠകായമുണ്ട്.

**10) അക്ഷരികവ്യാഖ്യാനം ദൈവനിർണ്ണയത്തിന്റെ ലക്ഷ്യത്തിനു വിരുദ്ധം.**

ദൈവത്തിന്റെ കർമ്മപരിപാടികളുടെ ലക്ഷ്യം, ഒന്നാമത് ദൈവത്തിനും രണ്ടാമത് ക്രിസ്തുവിനും മഹത്വം വരിക എന്നതാണ്. മൂന്നാമത് ഭൂഗോത്രങ്ങൾക്കാകെ അനുഗ്രഹം കൈവരിക എന്നത്. മനുഷ്യനെ

മരണത്തിന്റെ ഉത്തരക്ഷണം മുതൽ ദണ്ഡിപ്പിക്കാൻ തുടങ്ങിയാൽ അവമതിയില്ലാതെ എന്തു മഹത്വമാണ് അതുകൊണ്ട് ഉണ്ടാവുക? ദൈവത്തിന്റെ ജ്ഞാനം, നീതി, സ്നേഹം, ശക്തി ഈ നാലു സ്വഭാവ ലക്ഷണങ്ങൾക്കും എതിരായിരിക്കും ഇത്. ദൈവത്തിന്റെ ഭവനത്തിനാകെ കാര്യവിചാരകനായ ക്രിസ്തുവിന്റെ നാമത്തിനും അപമാനകരമായിരിക്കും അത്. മാനവകുടുംബത്തെ യഥാകാലം അനുഗ്രഹിക്കുക എന്ന ലക്ഷ്യത്തിനും എതിരായിരിക്കും ഇത്. അബ്രഹാമ്യ സന്തതിയിൽ ഭൂഗോത്രങ്ങളെല്ലാം അനുഗ്രഹിക്കപ്പെടും എന്ന വാഗ്ദാനം (ഉല്പ. 22:18) ഇതുമൂലം സഫലമാകാതെവരും.

**11) അക്ഷരിക വ്യാഖ്യാനംകൊണ്ട് അബ്രഹാമിന്റെ വാക്കുകൾ കള്ളമെന്നുവരുന്നു**

മോശെയെയും പ്രവാചകന്മാരെയും വിശ്വസിക്കാത്തപക്ഷം മരിച്ചവരിൽനിന്നു ഒരുവൻ എഴുന്നേറ്റു ചെന്നാലും പ്രയോജനമില്ലെന്ന അബ്രഹാമ്യവചനം അക്ഷരാർത്ഥത്തിൽ ശരിയല്ല. ക്രിസ്തുവിന്റെയും അപ്പൊസ്തലന്മാരുടെയും സന്ദേശം ആദ്യം നിഷേധിച്ചവർ പിന്നീട് പത്രൊസ് തബീഥയെ മരിച്ചവരിൽനിന്നു ഉയിർപ്പിച്ചപ്പോൾ വിശ്വസിച്ചതായി ബൈബിൾ രേഖപ്പെടുത്തുന്നു (അപ്പൊ.9:42). അങ്ങനെ ക്രിസ്തുവും ലാസറെ മരിച്ചവരിൽ നിന്നുയിർപ്പിച്ചപ്പോൾ ചിലർ വിശ്വസിക്കുകയുണ്ടായി (യോഹ. 11:45). ഈ രണ്ടു സംഭവങ്ങളും അബ്രഹാമിന്റെ വാക്കുകൾ അക്ഷരാർത്ഥത്തിലായാൽ കള്ളമെന്നു തെളിയുന്നു.

**12) അക്ഷരികവ്യാഖ്യാനം സന്ദർഭവിരുദ്ധം.**

ഭാഷയിൽ പദങ്ങളുടെ അർത്ഥം നിർണ്ണയിക്കുന്ന ഘടകങ്ങളിൽ മുഖ്യമാണ് സന്ദർഭം. ഈ ഉപമ പറയാനുണ്ടായ സന്ദർഭം പരിശോധിക്കാം. ക്രിസ്തുവിന്റെ നാളുകളിൽ ശാസ്ത്രിമാരും പരീശന്മാരും മോശീയനിയമപ്രകാരം അധികാരത്തിൽ ഇരുന്ന മതോപദേഷ്ടാക്കളായിരുന്നു. അതുകൊണ്ട് ന്യായപ്രമാണത്തിൽ അവർ ഉപദേശിക്കുന്നത് അനുസരിക്കാൻ ക്രിസ്തു അവരെ ഉപദേശിച്ചു (മത്താ.23:2,3). എന്നാൽ എല്ലാ മതോപദേഷ്ടാക്കളിലും മഹാനും ദൈവനിയുക്തനുമായിരുന്ന ക്രിസ്തുവിനെ അവർ നിഷേധിച്ചു. എന്നാൽ അവനോടുള്ള അവരുടെ മനോഭാവം എന്തെന്നും അവർ മോശെയുടെ വക്താക്കളായി പെരുമാറുന്നത് എങ്ങനെയെന്നും ഗ്രഹിച്ചിട്ട് അവൻ അവരോടു പറഞ്ഞു (15-ാം വാക്യം) നിങ്ങൾ മനുഷ്യരുടെ മുമ്പാകെ നിങ്ങളെത്തന്നെ നീതീകരിക്കുന്നവരാകുന്നു . മനുഷ്യരുടെ മുമ്പാകെ നീതിമാന്മാരായി എണ്ണപ്പെടാൻ അവർ ആഗ്രഹിച്ചു. എന്നാൽ അവരുടെ

ഹൃദയം യഥാർത്ഥത്തിൽ ദൈവദൃഷ്ടിയിൽ കേവലം മലീമസമായിരുന്നു. കാരണം അവർ തിന്മയുടെ മൂർത്തീകരണമായിരുന്നു. ഉപദേഷ്ടാക്കൾക്കു ആവശ്യം വേണ്ട വിനയത്തിനു പകരം അവരിൽ കുടികൊണ്ടിരുന്നത് അഹന്തയും ദുഷ്ടതയുമായിരുന്നു. യേശുക്രിസ്തു തുടർന്ന് ഇങ്ങനെ പറഞ്ഞു (വാക്യം 16). ന്യായപ്രമാണവും പ്രവാചകന്മാരും യോഹന്നാൻ വരെയായിരുന്നു . മിശിഹായെ യഹൂദജനസമക്ഷം അവതരിപ്പിച്ച സ്നാപകയോഹന്നാന്റെ കാലംവരെയാണ് ന്യായപ്രമാണം അധികാരത്തിൽ ഇരുന്നത്. അന്നുമുതൽ ദൈവരാജ്യം പ്രസംഗിക്കപ്പെടുന്നു. ആളുകൾ അതിൽ ബലാൽക്കാരേണ കടക്കുന്നു. അതായത് അന്നു മുതൽ സുവിശേഷയുഗം എന്നൊരു പുതിയ വ്യവസ്ഥാകാലം ആരംഭിച്ചു. ആ രാജ്യത്തിൽ പങ്കാളികളാകുക ശ്രമസാദ്ധ്യമാണ് എന്നു സാരം. പിന്നീടു ന്യായപ്രമാണത്തിലെ വള്ളിപുള്ളികൾ അസ്ഥാനത്താകുന്നതിലും ആകാശഭൂമികൾ നീങ്ങിപ്പോകുന്നത് എളുപ്പം എന്നു കർത്താവ് അരുളിചെയ്തു. അതായത് ന്യായപ്രമാണത്തിലെ നിസ്സാരവസ്തുതകൾക്കുപോലും നിവൃത്തിയുണ്ടാകും. ദൈവമാണ് അതിന്റെ കർത്താവ്. ദൈവം തന്റെ പ്രവൃത്തികളിൽ ഒന്നിലും പരാജയപ്പെടുന്നില്ല (യെശ. 14:27). പ്രകൃതത്തിൽ കർത്താവ് വിവാഹസംബന്ധമായ വലിയൊരു പ്രമാണം നൽകുന്നു. ആരെങ്കിലും ഭാര്യയെ ഉപേക്ഷിച്ചു മറ്റൊരുവളെ വിവാഹം ചെയ്താൽ വ്യഭിചാരം ചെയ്യുന്നു. ഭർത്തൃപരിത്യക്തയായവളെ വിവാഹം കഴിക്കുന്നവനും വ്യഭിചാരം ചെയ്യുന്നു . പ്രകൃതത്തിൽ കർത്താവ് ഇതു പറഞ്ഞതിനുള്ള പ്രസക്തിയെന്ത്? റോമ. 7:1–6 പരിശോധിക്കാം. ഈ സുവിശേഷയുഗത്തിൽ ഏതെങ്കിലും യഹൂദൻ മോശെയെ ഉപേക്ഷിച്ച് ക്രിസ്തുമതം ഒഴികെ മറ്റേതിനോടെങ്കിലും ബന്ധപ്പെട്ടാൽ അവൻ വ്യഭിചാരിണിയായി എണ്ണപ്പെടും. കാരണം ന്യായപ്രമാണം അവൻ തള്ളിക്കളയുന്നു. അപ്പോൾ തന്നെ വിശ്വസിക്കുന്ന ഏവർക്കും നീതിക്കായി ന്യായപ്രമാണത്തിന്റെ അവസാനമായ ക്രിസ്തുവിനോട് അവൻ ബന്ധപ്പെടുന്നുമില്ല. എന്നാൽ അവൻ ക്രിസ്തുവിൻ മണവാട്ടി ഗണത്തിൽ ഉൾപ്പെടുന്നപക്ഷം വ്യഭിചാരിയായി ഗണിക്കപ്പെടുകയില്ല. ക്രിസ്തു ന്യായപ്രമാണം നിവർത്തിച്ചതുകൊണ്ട് അവന്റെ പ്രവൃത്തി ദൈവവ്യവസ്ഥാനുസരണമായിരിക്കും. ഈ ഉപമ ന്യായപ്രമാണയുഗത്തിൽനിന്നു കൃപായുഗമായ സുവിശേഷയുഗത്തിലേക്കുള്ള മാറ്റത്തെ കുറിക്കാനാണ് കർത്താവ് പറഞ്ഞതെന്നു സ്പഷ്ടം. ഇങ്ങനെ സന്ദർഭവും അക്ഷരിക വ്യാഖ്യാനത്തിന്റെ അനൗചിത്യം തെളിയിക്കുന്നു. അക്ഷരികമായി വ്യാഖ്യാനിക്കുന്ന പക്ഷം ഈ സന്ദർഭം അപ്രസക്തവും അസംഗതവും എന്നു വരും.

## ഉപമയുടെ പൊരുൾ

ധനവാൻ യഹൂദജാതിയുടെ അഥവാ ജഡപ്രകാരമുള്ള യിസ്രായേലിന്റെ പ്രതിരൂപമാണ്. ധനവാന്റെ മരണം യഹൂദയുഗത്തിന്റെ അറുതിയെക്കുറിക്കുന്നു. മരണാനന്തരമുള്ള ധനവാന്റെ അവസ്ഥ ക്രിസ്തീയയുഗത്തിൽ യഹൂദജനതയുടെ സ്ഥിതി ചിത്രീകരിക്കുന്നു. യഹൂദജനതയ്ക്ക് അവർ ദൈവവുമായുള്ള ഉഭയസമ്മതം അഭംഗം പാലിക്കുമെങ്കിൽ ഒരു പുരോഹിത രാജകുലമായിരിക്കുമെന്നു (പുറ.19:5,6) വാഗ്ദാനം നൽകപ്പെട്ടിരുന്നു. ധനവാൻ ധരിച്ച പട്ടും ധൂമ്രവസ്ത്രങ്ങളും ഈ വസ്തുത കാണിക്കുന്നു. പട്ട് പൗരോഹിത്യ ചിഹ്നവും, ധൂമ്രവസ്ത്രം രാജചിഹ്നവുമാണ്. അവർക്ക് നൽകപ്പെട്ട ന്യായപ്രമാണവും പ്രവാചകങ്ങളുമാണ് ധനവാന്റെ വിഭവസമ്പന്നമായ മൃഷ്ടഭോജ്യം. ഇവ മറ്റൊരു ജാതിക്കും നൽകപ്പെട്ടിരുന്നില്ല (റോമ. 3:1,2; 9:4) ധനവാന്റെ മരണം കാണിക്കുന്നത് ക്രിസ്തുവിനെ തിരസ്ക്കരിച്ചതോടെ യഹൂദൻ ദൈവത്തിന്റെ ജനമല്ലാതെയായിത്തീർന്നതിനെയത്രെ. ദൈവജനം എന്ന പദവിയിൽ നിന്നു അവർ തള്ളപ്പെട്ടു (മത്താ.23:38; 21:43). എന്നാൽ ഇതു എന്നേക്കുമായിട്ടല്ല, പൗലൊസപ്പൊസ്തലൻ പറയും പ്രകാരം അവർ സഹസ്രാബ്ദത്തിൽ അവന്റെ ജനമായി വീണ്ടും അംഗീകരിക്കപ്പെടും (റോമ. 11:7-15, 25-31). എന്നാൽ സുവിശേഷയുഗത്തിൽ ദൈവജനമെന്ന നിലയിൽ ഒരു ജാതിയായി അവർ തിരസ്കൃതരായിരിക്കുന്നു. ഈ തിരസ്ക്കാരത്തെയാണ് ധനവാന്റെ മരണവും പാതാളത്തിലുള്ള അടക്കവും തുടർന്നുള്ള പീഢനവും കാണിക്കുന്നത്.

ലാസറാകട്ടെ ദൈവഭയമുള്ള യഹൂദേതര ജനതയെ കാണിക്കുന്നു. യഹൂദയുഗത്തിൽ ഇവർ ധനവാന്റെ പടിക്കൽ ലാസറെന്നവണ്ണം യിസ്രായേലിനു മാത്രമായിരുന്ന ദൈവിക സത്യങ്ങളും അരുളപ്പാടുകളും വാഗ്ദത്തങ്ങളുമായ വിഭവങ്ങളുടെ ഓഹരിക്കുവേണ്ടി ആഗ്രഹിച്ചിരുന്നു (യോശു. 2:14; 1 രാജാ. 10:3,13; 2 രാജാ. 5:9,10; ദാനി. 2:47; മർക്കൊ. 7:25-30) ലാസറിന്റെ വ്രണങ്ങൾ നക്കിയ നായ്ക്കളാകട്ടെ സോക്രട്ടീസ്, പ്ലേറ്റോ, അരിസ്റ്റോട്ടിൽ തുടങ്ങിയ ജാതീയ ദാർശനികന്മാരെ കുറിക്കുന്നു. ഈ തത്വജ്ഞാനികൾ തങ്ങളുടെ തത്വശാസ്ത്ര സിദ്ധാന്തങ്ങൾക്കൊണ്ടു മാനവകുടുംബത്തിനു വീഴ്ചയുടെ ഫലമായി സംഭവിച്ചിരിക്കുന്ന ക്ഷതങ്ങളുടെയും വ്രണങ്ങളുടെയും വേദന കഴിവതും ലഘൂകരിക്കാൻ ശ്രമിച്ചു. പക്ഷേ അതു വിഫലീഭവിച്ചു. യിസ്രായേൽ പൗരത്വത്തോടു ബന്ധമില്ലാതെ വാഗ്ദത്തത്തിന്റെ നിയമങ്ങൾക്കു അന്യരും പരദേശികളുമായി പ്രത്യാശയില്ലാത്തവരും ലോകത്തിൽ ദൈവമില്ലാത്തവരും ആയിരുന്ന ജാതികളെന്ന നിലയ്ക്കു വന്ന മാറ്റമാണ് ലാസറിന്റെ

മരണം കുറിക്കുന്നത് (എഫെ. 2:12,13). ദൂതന്മാർ ലാസറിനെ അബ്രഹാമിന്റെ മടിയിലേക്കു കൊണ്ടുപോയതോ? ആരാണ് ഈ ദൂതന്മാർ? യേശുക്രിസ്തുവും അപ്പൊസ്തലന്മാരും അവരുടെ കാലശേഷം ദൈവത്തിന്റെ സന്ദേശവാഹകന്മാരായിരുന്നിട്ടുള്ളവരുമത്രേ. ഈ ചിത്രത്തിൽ അബ്രഹാം പിതാവായ ദൈവത്തെയും അബ്രഹാമിന്റെ മടി ദൈവത്തിന്റെ പിതൃത്വത്തെയും കാണിക്കുന്നു. അങ്ങനെ ജാതികൾ ദൈവത്തിന്റെ പുത്രന്മാരും അവന്റെ കൃപയ്ക്കു പാത്രങ്ങളുമായി (റോമ. 4:11-17).

മരണത്തിന്റെയും അടക്കലിന്റെയും ഈ പ്രതിരൂപങ്ങളെ തുടർന്ന് കർത്താവ് മറ്റൊന്നുകൂടെ ഉപയോഗിച്ചു - പാതാളത്തിലെ (നരകം = ഹേഡീസ്) യാതന - പാതാളത്തിൽ (ഗ്രീക്കുമൂലം ഹേഡീസ്) യാതന അനുഭവിക്കുമ്പോൾ അവൻ മേലോട്ടുനോക്കി ദൂരത്ത് അബ്രഹാമിനെ കണ്ടു . ഒരു ജനത എന്ന നിലയിൽ യിസ്രായേലിനു സംഭവിച്ച വിനാശമാണ് ഇവിടെ പറയുന്ന ഹേഡീസ്. ഒരു ജനത എന്ന നിലയിൽ നാശം ഭവിച്ചിട്ട് ജാതികളുടെ മദ്ധ്യേ അടക്കപ്പെട്ട നിലയിൽ ചിതറിപ്പോയശേഷം യിസ്രായേലിനു വലിയൊരു പീഢാകാലം നേരിടുമെന്നാണ് പാതാള യാതന കാണിക്കുന്നത്. അതിക്രമങ്ങളിലും പാപങ്ങളിലും മരിച്ചു കിടക്കുന്ന ജാതികളുടെ മദ്ധ്യേ ചിതറിപ്പോയിട്ട് ലോകദൃഷ്ടിയിൽനിന്ന് അപ്രത്യക്ഷമാകുന്ന അവസ്ഥയെ അടക്കലിനോട് സാദൃശ്യപ്പെടുത്തുന്നത് എത്ര ചേർച്ചയായിരിക്കുന്നു. അബ്രഹാമിന്റെ മടിയിൽ ലാസറിനെ കാണുന്നതാകട്ടെ ജാതികൾ കിസ്തുവിലൂടെ ദൈവപുത്രത്വത്തിലേക്കു പ്രവേശിച്ചിരിക്കുന്നു എന്നും തങ്ങൾ ദൈവകൃപയിൽ നിന്നും തിരസ്കൃതരായിരിക്കുന്നു എന്നും യഹൂദ ജനത മനസ്സിലാക്കുന്നതിനെ കുറിക്കുന്നു.

ലാസർ വിരലിന്റെ അറ്റം വെള്ളത്തിൽ മുക്കി തന്റെ നാവു തണുപ്പിക്കുന്നതിന് ധനവാൻ ആഗ്രഹിച്ചു. കരുണയ്ക്കായി യാചിച്ചു. ക്രിസ്ത്യാനികൾ എന്നു പേരെടുത്തിരുന്നവരിൽ നിന്നാണല്ലോ യഹൂദജനം സഹായം പ്രതീക്ഷിച്ചത്. വിരലിന്റെ അറ്റത്തെ വെള്ളത്തുള്ളി ക്രൈസ്തവമണ്ഡലത്തിൽനിന്നു പ്രതീക്ഷിച്ച ആശ്വാസജനകമായ നടപടികളെ അവ എത്ര നിസ്സാരമായ തോതിലായാലും കുറിക്കുന്നു. വെള്ളം ദൈവവചനത്തെ കാണിക്കുന്നു (യോഹ. 15:13; എഫെ. 5:26). നാവിനെ തണുപ്പിക്കുവാനുള്ള വെള്ളം ദൈവവചനത്തിൽനിന്നു ലോകസമക്ഷം പ്രഘോഷിപ്പിക്കപ്പെടുന്നതിനായി നൽകപ്പെടുന്ന സന്ദേശം തന്നെ. യാതനയുടെ ലഘൂകരണത്തിനുള്ള പ്രാർത്ഥന സുവിശേഷയുഗത്തിന്റെ ദീർഘമായ കാലാന്തരാളത്തിൽ തങ്ങളെ

അഭിമുഖീകരിച്ചിരിക്കുന്ന യാതനകളിൽ നിന്നു ഭാഗീകമായിട്ടെങ്കിലുമുള്ള മോചനത്തിനായി യഹൂദജനത പ്രകടിപ്പിച്ചുപോന്ന ആഗ്രഹത്തെ കുറിക്കുന്നു. കാരണം ക്രൈസ്തവരുൾപ്പെടെ എല്ലാ വിഭാഗം ജനങ്ങളും അവരെ നിഷ്കരുണം പീഡിപ്പിച്ചിരുന്നു. സുവിശേഷയുഗത്തിൽ തങ്ങൾക്ക് നേരിട്ടിരുന്ന നിശിതമായ കദനഭാരങ്ങളിൽ നിന്നുള്ള മോചനത്തിനായി നിർവ്വഹിച്ചുവന്ന പ്രാർത്ഥനയ്ക്കു അവരുടെ പ്രാർത്ഥനാ പുസ്തകങ്ങൾ തെളിവാണ്.

അബ്രഹാം ധനവാന്റെ യാചനയ്ക്കു ദ്വിമുഖമായ ഒരുത്തരമാണ് നൽകിയത് (ലൂക്കൊ 16:25,26). മകനേ എന്നാണു അബ്രഹാമിന്റെ സംബോധന. ന്യായപ്രമാണ പുത്രന്മാരാണല്ലോ യഹൂദജനം. ആ ന്യായപ്രമാണ ഉഭയസമ്മതത്തിന്റെ ലംഘനത്തിനുള്ള ഫലമായ ശിക്ഷകളാണ് (ലേവ്യ. 26) അവർക്കു നേരിട്ടിരിക്കുന്ന പീഡകളും ദുരിതങ്ങളുമെന്നത്രേ അബ്രഹാം ഒന്നാമതു പറയുന്നത്. രണ്ടാമതായി ഇരുകക്ഷികൾക്കുമിടയിൽ ഉള്ള ഒരു പിളർപ്പിനെപ്പറ്റി പറയുന്നു. സുവിശേഷസഭയും യഹൂദസഭയും തമ്മിലുള്ള അന്തരമാണ് ഈ പിളർപ്പ്. ഇതാകട്ടെ ദുസ്തരമാണ്. ക്രിസ്തുവിൽകൂടെയല്ലാതെ ആർക്കും ദൈവപൈതലാകാൻ സാദ്ധ്യമല്ല. സുവിശേഷയുഗം സംബന്ധിച്ച ദൈവവ്യവസ്ഥയെ യാതൊരു യഥാർത്ഥ ദൈവപൈതലും ലംഘിക്കാൻ മുതിരുകയില്ല. ക്രിസ്തുവിനെ അംഗീകരിക്കാത്ത ഏതെങ്കിലും യഹൂദന് സുവിശേഷത്തിൽനിന്നുള്ള സാന്ത്വനം വാഗ്ദാനം ചെയ്യുന്നവൻ ഈ വ്യവസ്ഥയെ ലംഘിക്കയായിരിക്കും. അതുകൊണ്ടു ദൈവത്തിനോ അവന്റെ പക്ഷത്തുള്ള ലാസർ വർഗ്ഗത്തിനോ യഹൂദൻ എന്ന നിലയിൽ അവരെ തുണയ്ക്കാൻ സാദ്ധ്യമല്ല.

അടുത്തതായി ധനവാൻ തന്റെ സഹോദരന്മാരെ സഹായിക്കാനായി അപേക്ഷ, ആരാണ് ഈ സഹോദരന്മാർ? ബാബിലോന്യ പ്രവാസത്തിൽനിന്നു മടങ്ങി വന്ന യഹൂദാ, ബെന്യാമീൻ എന്ന രണ്ടു ഗോത്രങ്ങളെയാണ് ഇവിടെ ധനവാൻ എന്നു പറയുന്നത്. ആ നിലയ്ക്കു അഞ്ചു സഹോദരങ്ങൾ, പ്രവാസികളായി അശൂരിലേക്കു പോവുകയും ചുരുക്കം പേരൊഴികെ ആരും മടങ്ങിവരാൻ ഇടയാകാതെ വരികയും ചെയ്ത ശേഷിച്ച പത്തു യിസ്രായേല്യ ഗോത്രങ്ങളാണ്. യിസ്രായേലിലെ കാണാതെ പോയ പത്തുഗോത്രങ്ങൾ എന്നാണ് ഇവർ സാധാരണയായി അറിയപ്പെടുന്നത്. യഹൂദജനത സുവിശേഷയുഗത്തിൽ ഈ ദശഗോത്ര ങ്ങളുടെ സഹായത്തിനായി ആരെയെങ്കിലും എഴുന്നേല്പിക്കണമേ എന്നു ദൈവത്തോടു പ്രാർത്ഥിച്ചുവരുന്നു. അവർക്കു മോശെയും പ്രവാച കന്മാരുമുണ്ടെന്നും അവർ അവരുടെ വാക്കുകൾ അംഗീകരിക്കട്ടെ എന്നും

അബ്രഹാം പറഞ്ഞു. ഇതിൽ അവാസ്തവമൊന്നുമില്ല. യിസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങൾക്കല്ലാതെ മോശെയും, പ്രവാചകന്മാരും നൽപ്പെട്ടിട്ടില്ല. അതുകൊണ്ട് ഇവിടെ കാണാതെ പോയ പത്തു ഗോത്രങ്ങളെയാണ് വിവക്ഷിക്കുന്നതെന്നു സ്പഷ്ടം.

എന്നാൽ യഹൂദജനം തങ്ങളുടെ അഭ്യർത്ഥന മറ്റൊരു രൂപത്തിൽ അവതരിപ്പിച്ചു. ഒരുവൻ മരിച്ചവരിൽ നിന്ന് എഴുന്നേറ്റ് ചെന്ന് സാക്ഷ്യം നൽകുന്ന പക്ഷം അവർ വിശ്വസിക്കുമെന്ന്. പാപത്തിലുള്ള സാദൃശ്യാർത്ഥ മരണത്തിൽ നിന്നാണല്ലോ ലാസർവർഗ്ഗം ജീവനിലേക്കു വന്നിരിക്കുന്നത് (എഫെ. 2:1; കൊലൊ. 2:12,13; 3:1). യിസ്രായേൽ മോശെയെയും പ്രവാചകന്മാരെയും അവിശ്വസിക്കുന്നപക്ഷം സുവിശേഷയുഗത്തിന്റെ പാപമരണത്തിൽ നിന്നു മോചനം പ്രാപിച്ച ജാതികൾ വഴിയായി നൽകപ്പെടുന്ന സാക്ഷ്യവും അവഗണിക്കപ്പെടുമെന്നാണ് ദൈവം നൽകുന്ന മറുപടി. അങ്ങനെ അബ്രഹാം നൽകുന്ന ദ്വിമുഖമായ ഉത്തരം ദൈവനിർണ്ണയങ്ങളോടു പൊരുത്തപ്പെട്ടതും തദ്വാരാ ദൈവത്തിനു പ്രസാദകരവും ആയിരുന്നു എന്നു നാം കാണുന്നു. കൂടുതൽ വിശദീകരണത്തിന് **'ജീവൻ-മരണം-മരണാനന്തരം'** എന്ന ലഘുകൃതി വായിക്കുക. ധനവാൻ നരകത്തിൽ (**ഹേഡീസ്=പാതാളം**) നിന്നു മടങ്ങിവരുമോ?

മറ്റെല്ലാ ഉപമകളും പോലെ ഈ ഉപമയും അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിക്കേണ്ടതല്ലെന്നും ഈ ഉപമയിൽ അന്തർഭവിച്ചിരിക്കുന്ന പ്രതിരൂപാർത്ഥമെന്താണെന്നും ചിന്തിച്ചു കഴിഞ്ഞല്ലോ. ഇനിയും ധനവാൻ എന്നെങ്കിലും പാതാളിത്തിൽനിന്നു വിമുക്തനാകുമോ? ഏതാനും തിരുവെഴുത്തുകൾ തെളിവിനായി പര്യാലോചിക്കാം.

**യിരെ. 16:14-16.** യിസ്രായേൽ മക്കളെ മിസ്രയിമിൽനിന്നു വിടുവിച്ച യഹോവ ജീവിക്കുന്നു എന്നിങ്ങനെ യിസ്രായേൽ യഹോവയുടെ നാമം ചൊല്ലി ആണയിട്ടിരുന്നു എന്നു നമുക്കറിയാം. മിസ്രയീമിൽനിന്നുള്ള പുറപ്പാടിനെയാണ് ഇവിടെ വിവക്ഷിക്കുന്നത്. ഭാവിയിലാകട്ടെ 'ഉത്തരദിക്കിൽ നിന്നും യഹോവ അവരെ ചിതറിച്ചു കളഞ്ഞ എല്ലാ ദേശങ്ങളിൽ നിന്നും യിസ്രായേൽ മക്കളെ വീണ്ടെടുത്ത യഹോവ ജീവിക്കുന്നു' എന്നായിരിക്കും ഈ ശപഥവാക്യം. ഇവിടെ പരാമർശിക്കുന്ന ഉത്തരദിക്ക് റഷ്യയാണ്. യൂറോപ്യനേഷ്യനാഫ്രിക്കൻ നാടുകളാണ് മറ്റുദിക്കുകൾ. സുവിശേഷയുഗത്തിൽ യഹൂദജാതി ചിതറിപ്പാർത്ത ദേശങ്ങളാണിവ.

വിശുദ്ധ നാട്ടിലേക്ക് അവരെ മടക്കിക്കൊണ്ടുവരുമെന്നു കൂടെ ദൈവത്തിന്റെ വാഗ്ദത്തമുണ്ട്. ഈ പ്രവചനം നമ്മുടെ കൺമുമ്പാകെ

നിവർത്തിച്ചുകൊണ്ടിരിക്കുന്നു. അവർ ഒരു സ്വതന്ത്രരാഷ്ട്രമായി അംഗീകരിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഞാൻ അനേകമീൻപിടിത്ത ക്കാരെ വരുത്തും, അവർ അവരെ പിടിക്കും എന്നു കർത്താവ് അരുളിചെയ്യുന്നു. ആരാണ് ഈ മീൻപിടിത്തക്കാർ ? സീയോനിസം എന്ന ആകർഷകമായ ഇര കാണിച്ച് മത്സ്യങ്ങളെ എന്നപോലെ യിസ്രായേൽ ജനതയെ സ്വദേശത്തേക്കു വശീകരിച്ചവരാണ് അവർ. പിന്നീട് ദൈവം പറയുന്നു. അതിനുശേഷം ഞാൻ അനേകം നായാട്ടു കാരെ വരുത്തും, അവർ അവരെ എല്ലാ പർവ്വതങ്ങളിൽനിന്നും കുന്നുകളിൽ നിന്നും പാറകളുടെ ഗഹ്വരങ്ങളിൽ നിന്നും നായാടി പിടിക്കും . ഇവിടെ പർവ്വതം ഭരണാധികാരങ്ങളെയും രാജാക്കളെയും കുന്നുകൾ ചെറിയ ചെറിയ ഗവൺമെന്റുകളെയും കടന്ന് ജനായത്ത വാഴ്ചകളെയും പാറയുടെ വിടവുകൾ ചിതറിപ്പോയ കാലത്ത് അവർക്ക് അഭയം നൽകിയിരുന്ന വിവിധ സ്ഥാപനങ്ങളെയും കുറിക്കുന്നു. ഈ നായാട്ടുകാർക്കു നല്ലൊരുദാഹരണമാണ് ജർമ്മൻകാർ. ഹിറ്റ്ലറുടെ ഉരുക്കുമുഷ്ടിയാൽ മറ്റേതൊരു ജനതയിലും ക്രൂരമായി മർദ്ദിക്കപ്പെട്ട ജനവിഭാഗമാണ് യഹൂദൻ. 50 ലക്ഷം യഹൂദൻമാരെ തടങ്കൽ പാളയങ്ങളിൽ പാർപ്പിച്ച് നിന്ദ്യവും നീചവുമായ മർദ്ദനമുറകൾ അവർക്കെതിരെ പ്രയോഗിച്ച മനുഷ്യാധമനാണ് ഹിറ്റ്ലർ. ശ്വാസം മുട്ടിച്ചു കൊല്ലുന്നതുൾപ്പെടെ പല ഹീനമായ നടപടികളും അയാൾ അവർക്കെതിരെ കൈക്കൊണ്ടു. എന്നാൽ ജർമ്മൻകാർ മാത്രമല്ല യഹൂദനെതിരെ ഇപ്രകാരം ക്രൂരമായ മർദ്ദനസമ്പ്രദായങ്ങൾ അവലംബിച്ചത്. 1881-ൽ റഷ്യയിൽ ആരംഭിച്ച് റുമേനിയാ, ആസ്ത്രിയ, പോളൻഡ് എന്നിങ്ങനെ ഒന്നിനു പിന്നാലെ ഒന്നായി യഹൂദനെ പീഢിപ്പിക്കുന്നതിൽ രാഷ്ട്രങ്ങൾ മുന്നോട്ടുവന്നു. നിസ്സഹായരായ വേട്ടമൃഗങ്ങളെ എയ്തു വീഴ്ത്തുവാൻവേണ്ടി നായാട്ടുകാരെന്നവണ്ണം ഈ രാഷ്ട്രങ്ങൾ യഹൂദനെ ലക്ഷീകരിക്കാൻ തുടങ്ങി. യഹൂദനു ദൈവകൃപ വീണ്ടും ലഭിക്കേണ്ട ഈ കാലഘട്ടത്തിൽ അവനെ സ്വദേശത്തേക്കു മടക്കികൊണ്ടുവരിക എന്ന ദിവ്യ നിർണ്ണയം സഫലമാകാൻ തന്നെ ഇങ്ങനെ സംഭവിച്ചത്.

**യെഹെ. 36:24-38.** ജാതീയമായി നേരിട്ട നാമാവശേഷാവസ്ഥയായ ഹേഡീസിൽനിന്നു ധനവാൻ വർഗ്ഗം വീണ്ടെടുക്കപ്പെടുമെന്ന് ഈ വേദഭാഗവും തെളിയിക്കുന്നു. ഈ വാക്യങ്ങൾ സ്വദേശത്തേക്കുള്ള അവരുടെ ഇക്കാലത്തെ മടങ്ങിവരവിനെ മാത്രമല്ല സഹസ്രാബ്ദത്തിൽ അവർക്കു കൈവരാനിരിക്കുന്ന അവസ്ഥയേയും കാണിക്കുന്നു.

**യെഹെ. 37:21-25.** ജഡിക യിസ്രായേലിനു ദൈവകൃപ പൂർണ്ണമായി

വീണ്ടുകിട്ടുമെന്ന് ഈ വേദഭാഗവും തെളിയിക്കുന്നു. യുഗത്തിന്റെ അറുതിയിൽ ഈ സന്ദേശം യിസ്രായേലിനു നൽകുമെന്നു ദൈവം തന്റെ സുവിശേഷയുഗാനുയായികളോട് അനുശാസിക്കുന്നു. ഈ വാക്യങ്ങളുടെ നിവൃത്തി സഹസ്രാബ്ദയുഗത്തിലാണ്. അന്ന് പൊരുളിലെ ദാവീദാകുന്ന ക്രിസ്തുവിനും സഭയ്ക്കും കീഴിൽ യിസ്രായേൽ ഏക രാഷ്ട്രമായി പുന: സംഘടിപ്പിക്കപ്പെടും.

**ആമോ.9:14,15.** ധനവാൻ ഒരു ജാതി എന്ന നിലയിൽ നേരിട്ടു വിനാശാവസ്ഥയാകുന്ന ഹേഡീസിൽനിന്നു മോചനം നേടി ദൈവകൃപയിലേക്കു മടങ്ങിയെത്തി സ്വദേശത്തു യഥാസ്ഥാപനം പ്രാപിക്കുമെന്ന് ഈ വാക്യം സ്പഷ്ടമാക്കുന്നു. ദാവീദിന്റെ കൂടാരത്തെ വീണ്ടും നിവർത്തിയതിനു ശേഷമായിരിക്കും (വാ. 11; അപ്പൊ. 15:16) ഇതു പൂർണ്ണമായി നിറവേറുന്നത്.

**ലൂക്കൊ. 2:34.** പിന്നെ ശിമ്യോൻ അവരെ അനുഗ്രഹിച്ച് അവന്റെ അമ്മയായ മറിയയോട്: അനേക ഹൃദയങ്ങളിലെ വിചാരം വെളിപ്പെടേണ്ടതിനു ഇവനെ യിസ്രായേലിൽ പലരുടെയും വീഴ്ചയ്ക്കും എഴുന്നേൽപ്പിനും മറുത്തുപറയുന്ന അടയാളത്തിനുമായി വെച്ചിരിക്കുന്നു . ശിമ്യോൻ ക്രിസ്തുവിനെ സംബന്ധിച്ച് മറിയയോടു പറയുന്ന ഈ പ്രവചനത്തിൽ അവൻ യിസ്രായേലിന് ഇടർച്ചയ്ക്കു ഒരു മുഖാന്തരമായിരിക്കുമെന്നും പലർക്കും വീഴ്ച ഭവിക്കുമെന്നും എന്നാൽ അവർ സഹസ്രാബ്ദയുഗത്തിൽ വീണ്ടും അവൻമൂലം എഴുന്നേൽപ്പിക്കപ്പെടുമെന്നും പറഞ്ഞിരിക്കുന്നു. അന്നു അവൻ അവരുടെ രക്ഷകനും കർത്താവുമായിരിക്കും. സഹസ്രാബ്ദഭൂമി അവൻ അവർക്കു ഭവനമായി നൽകുകയും ചെയ്യും. സുവിശേഷയുഗത്തിലുടനീളം അവൻ അവർക്കു മറുത്തു പറയുന്നൊരടയാളമായിരുന്നു. കാരണം അവനിൽ ആഗ്രഹിക്കത്തക്ക സൗന്ദര്യമൊന്നും കണ്ടെത്താൻ കഴിയാതെ അവർ അവനെ തിരസ്ക്കരിച്ചുകളഞ്ഞു.

**യെഹെ. 16:46-63.** ധനവാൻ അഥവാ യഹൂദജാതി എന്നാളും പാതാളത്തിലായിരിക്കുകയില്ലെന്ന് ഈ ഭാഗവും തെളിയിക്കുന്നു. സഹോദരികൾ എന്ന നിലയ്ക്കു യിസ്രായേലിനെ ശമര്യയോടും സോദോമിനോടും താരതമ്യപ്പെടുത്തുന്നു. അധികതരമായ വെളിച്ചത്തിനെതിരെ പാപം ചെയ്തവൾ എന്ന നിലയിൽ അവളെ മൂവരിൽ ഏറ്റവും അപരാധിനിയായി പരിഗണിക്കുകയും ചെയ്യുന്നു (വാ.46-52). മൂത്ത സഹോദരിയായ ശമര്യ അവളുടെ പുത്രിമാരോടുകൂടി ദശഗോത്ര രാജ്യത്തെ അവളുടെ ആശ്രിത വിഭാഗങ്ങളെകൂടെ പ്രതിനിധീകരിക്കുന്നു. യിസ്രായേല്യരാജാവായ ഒമ്രിയുടെ കാലത്ത് ശമര്യാപട്ടണം ഈ

രാജ്യത്തിന്റെ തലസ്ഥാനമായിത്തീർന്നു. അങ്ങനെ ആ നഗരനാമം മുഴുവൻ രാജ്യത്തിന്റെയും പേരായിത്തീർന്നു. സോദോമും പുത്രിമാരും ലോത്തിന്റെ കാലത്ത് നശിപ്പിക്കപ്പെട്ട സോദോമിനെയും അവളുടെ ആശ്രിതരാജ്യങ്ങളെയും കുറിക്കുന്നു.

പ്രവാചകൻ ഇങ്ങനെ തുടരുന്നു. നീ അവർക്കു ആശ്വാസമായി നിന്റെ ലജ്ജ വഹിക്കേണ്ടതിനും നീ ചെയ്തിട്ടുള്ള എല്ലാവറ്റെയും കുറിച്ച് ലജ്ജിക്കേണ്ടതിനും ഞാൻ സോദോമിന്റെയും അവളുടെ പുത്രിമാരുടെയും സ്ഥിതിയും (ദാസത്വം, അടിമത്വം) അവരുടെ നടുവിലുള്ള നിന്റെ പ്രവാസികളുടെ (അടിമകളുടെ) സ്ഥിതിയും (ദാസത്വം) മാറ്റും . ഇവിടെ പറയുന്ന ദാസത്വം മരണത്താലുള്ള അവരുടെ ദാസത്വം അഥവാ അടിമത്വം ആണ്. അവർ അപ്പോൾ മരിച്ചവരായിരുന്നല്ലോ. ശവക്കുഴിയുടെ വാതിൽ തുറക്കുവാനാണല്ലോ ക്രിസ്തു വന്നത്. അങ്ങനെ അടിമകളെ അഥവാ ദാസന്മാരെ സ്വതന്ത്രരാക്കുന്നു (യെശ. 61:1; സെഖ.9:11). നിന്റെ സഹോദരിയായ സോദോമും അവളുടെ പുത്രിമാരും ശമര്യയും അവളുടെ പുത്രിമാരും നീയും നിന്റെ പുത്രിമാരും നിങ്ങളുടെ പൂർവ്വാവസ്ഥയിലേക്കു മടങ്ങിവരും. (ആദാമും ഹവ്വയും പാപത്താൽ അധ:പതിക്കുന്നതിനു മുൻപുള്ള ഏദേന്യ അവസ്ഥയിലേക്കും ജീവനിലേക്കും എല്ലാവർക്കും യഥാസ്ഥാനപ്പെടുവാൻ കഴിയും. ഇത് യേശുവിന്റെ മറുവിലയാഗത്താൽ സാദ്ധ്യമാക്കിയിരിക്കുകയാണ്). ആദാമിന്റെ പുത്രിമാരും അവളുടെ ചുറ്റുമുള്ളവരൊക്കെയും നിന്റെ ചുറ്റും നിന്ന് നിന്നെ നിന്ദിക്കുന്ന ഫെലിസ്ത്യ പുത്രിമാരും നിന്നെ നിന്ദിച്ച കാലത്തെന്നപോലെ നിന്റെ ദുഷ്ടത വെളിപ്പെടുന്നതിനു മുമ്പേ നിന്റെ ഗർവ്വത്തിന്റെ നാളിൽ നിന്റെ സഹോദരിയായ സോദോമിന്റെ പേരുപോലും നീ ഉച്ചരിച്ചിട്ടില്ല. നിന്റെ ദുഷ്കർമ്മവും നിന്റെ മ്ലേഛതകളും നീ വഹിക്കുന്നു എന്നു യഹോവയുടെ അരുളപ്പാട്. (ആയതിനാൽ യഹോവ തന്റെ നീതിയാൽ അവരെ ശിക്ഷിച്ചു, അത് തക്കസമയത്ത് അവർക്കുണ്ടായി). യഹോവയായ കർത്താവ് ഇപ്രകാരം അരുളിചെയ്യുന്നു. നിയമം ലംഘിച്ചു (സീനായിൽവെച്ച് അവർ ചെയ്ത നിയമം) സത്യം തുഛീകരിക്കുന്ന നീ ചെയ്തതു പോലെ ഞാൻ നിന്നോടു ചെയ്യും. എങ്കിലും നിന്റെ യൗവ്വനകാലത്ത് നിന്നോടുള്ള എന്റെ നിയമം ഞാൻ ഓർത്ത് ഒരു ശ്വാശ്വതനിയമം നിന്നോടു ചെയ്യും (ദൈവം അവരോട് ഉടമ്പടി ചെയ്ത സന്ദർഭത്തിൽ അവർ അവന്റെ നിയമം അനുസരിക്കുന്നപക്ഷം അവർക്ക് പുരോഹിത രാജത്വം അവൻ വാഗ്ദാനം ചെയ്തിരുന്നു (പുറ. 19:5,6), അവർ അതു ലംഘിച്ചു എങ്കിലും അവന് അതു മറക്കാൻ കഴിഞ്ഞില്ല). നിന്റെ ജ്യേഷ്ഠത്തിമാരും അനുജത്തിമാരുമായ സഹോദരിമാരെ നീ കൈക്കൊള്ളുമ്പോൾ, അന്നു നീ നിന്റെ

വഴികളെ ഓർത്തു നാണിക്കും; ഞാൻ അവരെ നിനക്കു പുത്രിമാരായി തരും. (യഥാസ്ഥാപന അനുഗ്രഹങ്ങളാൽ അബ്രഹാമിന്റെ ജഢീക സന്തതിയായി അവർ യിസ്രായേലിലേക്കു വരും). നിന്റെ നിയമപ്രകാരം അല്ല താനും (ന്യായപ്രമാണത്താലല്ല) ഞാൻ നിന്നോട് എന്റെ നിയമം ചെയ്യും. ഞാൻ യഹോവ എന്ന് നീ അറിയും. ഈ വചനമനുസരിച്ച് ജഢീക യിസ്രായേൽ പൂർണ്ണഹൃദയത്തോടെ ദൈവത്തിങ്കലേക്ക് തിരിയുമ്പോൾ അവൻ അവരുമായി ഈ ഉഭയസമ്മതത്തിൽ പ്രവേശിക്കും. ദൈവം എക്കാലത്തേക്കും അവരുടെ ദൈവമായിരിക്കും. നീ ചെയ്തതൊക്കെയും ഞാൻ നിന്നോടു ക്ഷമിക്കുമ്പോൾ നീ ഓർത്തു ലജ്ജിച്ചു നാണം നിമിത്തം ഇനി ഒരിക്കലും വായ് തുറക്കാതി രിക്കേണ്ടതിനും അവർ അവനെ അറിയേണ്ടതിനും അവൻ അവരോടു തന്റെ നിയമം ചെയ്യും . അബ്രഹാമ്യ ഉഭയസമ്മതത്തിന്റെ പേരിലാ യിരിക്കും ഇത്. കൂടാതെ ക്രിസ്തുവും സഭയും കൂടെ സോദോമിനും ഇതരനഗരങ്ങൾക്കും വേണ്ടി മാത്രമല്ല അവയിലെല്ലാമധികമായി അധർമ്മചാരിണിയായിത്തീർന്ന ദശഗോത്രരാജ്യമായ യിസ്രായേലിനു വേണ്ടികൂടിയും നിർവ്വഹിക്കുന്ന വേലയുടെ ഫലമായിട്ടായിരിക്കും ഇത്. ദൈവത്തിന് അവരിൽ എല്ലാം കരുണ തോന്നുകയും താൻ അവരെ എല്ലാം അനുഗ്രഹിക്കുകയും ചെയ്യും. അങ്ങനെ സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവ് അവരുടെ നന്മയ്ക്കുവേണ്ടതെന്തോ അതു പ്രവർത്തിച്ച് തനിക്കുതന്നെയും ക്രിസ്തുവിനും മഹത്വം വരുത്തും. അവന്റെ യാഗപുണ്യം അവർക്കുവേണ്ടി പ്രവൃത്തിപഥത്തിലാകുന്ന കാലമാണത്.

ഇവിടെ ഉദ്ദരിച്ച വേദഭാഗങ്ങൾ യിസ്രായേൽ ദൈവകൃപയിലേക്കും സ്വദേശത്തേക്കും മടങ്ങി വരുമെന്നു സംശയോപരി തെളിയിക്കുന്നു. വേറെയും വേദഭാഗങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും. ഉദാ. റോമ. 11. അങ്ങനെ ദൈവത്തിന്റെ നിയുക്തകാലത്ത് ഈ ഉപമയിലെ പ്രതിരൂപധനവാൻ ഹേഡീസിൽ നിന്നു (നരകം, പാതാളം) മടങ്ങിവരും. ഉപമയുടെ പ്രതിരൂപസ്വഭാവമനുസരിച്ച് ഉചിതമായി വ്യാഖ്യാനിക്കുമ്പോൾ യഹൂദജനതയോടും യഹൂദേതര ജാതികളോടുമുള്ള ദൈവത്തിന്റെ ഇടപെടലുകളുടെ ഒരു അതൃത്ഭുതചിത്രം ഈ ഉപമയിൽ ആവിഷ്ക്കരിച്ചിരിക്കുന്നതായി കാണാം. വായനക്കാരേ, തലകൾ ഉയർത്തുക. മനുഷ്യപുത്രന്മാരോടുള്ള സ്വർഗ്ഗസ്ഥ പിതാവിന്റെ അപ്രമേയമായ ദയാവായ്പിനായി അവനോടു നമുക്ക് കൃതജ്ഞരാ യിരിക്കാം.

## ഞങ്ങളുടെ മറ്റ് ചില പ്രസിദ്ധീകരണങ്ങൾ

എന്താണ് സത്യം ❖ പൂർണ്ണ സുവിശേഷം ❖ ഭൂമിയിൽ വരുവാനുള്ള ദിവ്യാധിപത്യം ❖ യഥാർത്ഥ സ്വാതന്ത്ര്യം ❖ ന്യായവിധി ദിവസം ❖ ദൈവം നിങ്ങളെ സ്നേഹിക്കുന്നു ❖ ദൈവമോ സാത്താനോ വിജയിക്കുന്നത് ❖ യേശുവിന്റെ രണ്ടാം വരവ് ❖ യഥാസ്ഥാപനം ❖ മഹാപിരമിഡ് ❖ യിസ്രായേലിന്റെ തിരിച്ചുവരവ് ❖ നിങ്ങൾക്കറിയാമോ? ❖ പുതിയഭൂമി ❖ ആപത്ക്കരമായ മലിനീകരണം ❖ സമാധാനം, അതെങ്ങനെ കൈവരും ❖ പറുദീസയിലെ കള്ളന്മാർ ❖ ധനവാനും ലാസറും എന്ന ഉപമ ❖ മരിച്ചവരുടെ പുനരുത്ഥാനം ❖ മരിച്ചവർ എവിടെ? ❖ ആത്മാവ് എന്നാൽ എന്ത്? ❖ നരകം എന്നാൽ എന്ത്? ❖ ജീവനും അമർത്യതയും ❖ യഹോവയുടെ സാക്ഷികളുടെ ഉപദേശം വേദാനുസരണമോ? etc.

ഭൂമിയിൽ നിത്യമായി അധികാരത്തിൽ വരാൻപോകുന്ന ക്രിസ്തുവിന്റെ നീതിയുള്ള ഭരണത്തെയും യഥാസ്ഥാപനവേലയേയും സംബന്ധിച്ചുള്ള വേദസത്യങ്ങളുടെ കൂടുതൽ പഠനത്തിലേക്കും ബൈബിൾ പഠനത്തിനാവശ്യമായ ലഘുലേഖകൾ, പുസ്തകങ്ങൾ, ബൈബിൾ സ്റ്റാൻഡാർഡ് മാസിക മുതലായവയ്ക്കും താഴെകാണുന്ന വിലാസത്തിൽ ഞങ്ങൾക്ക് എഴുതുക.


**Courtesy by: BIBLE STANDARD MINISTRIES - LHMM**
**1156 St. Matthews Road, Chester Springs, PA, 19425-2700, USA.**

| For English | For Malayalam |
|---|---|
| Bro. V. Vincent Jeyakumar<br>Representative of India<br>Bible Standard Ministries - LHMM<br>32-D, Dr. Solomon Complex<br>Near Railway Gate, Nazareth<br>Tamil Nadu, India - 628 617<br>Cell : 9894926629<br>Email:vincent.v31@gmail.com | Bro. Abraham Mathew<br>Bible Standard Ministries - LHMM<br>Kakkamparampil<br>Vakathanam. P.O<br>Kottayam Dist, Kerala<br>India - 686 538<br>Cell: 9847553988<br>Email : enjoymathew@gmail.com |

Visit us at : **www.biblestandardindia.com** (For private circulation only)